Vol.9 • April-June • Quarterly No.2

# ദൂതൻ

# DOOTHAN

(An Organ Of Malankara Orthodox Church Mission Board)

# ദൂതൻ ത്രൈമാസിക


**പത്രാധിപസമിതി**

ഗീവറുഗീസ് മാർ
ഒസ്താത്തിയോസ്
മെത്രാപ്പോലീത്താ
(പ്രസിഡന്റ് )

ഫാ: മാത്യു വൈദ്യൻ
(ചീഫ് എഡിറ്റർ)

ഫാ: ടി.പി.ഏലിയാസ്
(പബ്ലിഷർ)

ഫാ: ഒ.തോമസ്

ഫാ: ജി.ജോൺ
(മാനേജർ)

പ്രൊ: വി.ഐ.നൈനാൻ

പ്രൊ: ഡി.മാത്യൂസ്

തോമസ് നീലാർമഠം

കെ.എ.മാത്യു അമിച്ചകരി
(കാമ്പയിൻ സെക്രട്ടറി)


*ദൂതനിലേക്കുള്ള ലേഖനങ്ങൾ, കഥകൾ, കവിതകൾ, മറ്റു കൃതികൾ എന്നിവ എഡിറ്ററുടെ പേർക്കും, വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ എന്നിവ മാനേജരുടെ പേർക്കും അയയ്ക്കുക.*


എഡിറ്റർ/മാനേജർ
ദൂതൻ
സെന്റ് പോൾസ്
മിഷൻ ട്രെയിനിംഗ് സെന്റർ
മാവേലിക്കര - 690 103 കേരളം.


**ഉള്ളടക്കം**


പത്രാധിപക്കുറിപ്പ്

സുവിശേഷകരുടെ ജീവിതശൈലി എന്തായിരിക്കണം ?
- കെ.എം.മാത്യു.

ഓർത്തഡോക്സ് സഭ എന്തു വിശ്വസിക്കുന്നു ?
- ഫാ:ഡോ.കെ.എൽ. മാത്യു വൈദ്യൻ

The Co-Existence of St. Thomas Christians and Hindus in India for 20 Centuries
- Dr. Geevarghese Mar Osthathios Metropolitan

വൃദ്ധമന്ദിരങ്ങൾക്കു സുവർണ്ണകാലം
- തോമസ് നീലാർമഠം

സന്യാസം - അർത്ഥവും വ്യാപ്തിയും
- ഫാ:ജി.ജോൺ

Bible Game
-Biju V.M.

യുവജനപംക്തി:
( )ദവരാജ്യത്തെപ്പറ്റി ഒരു ചർച്ച.

മഹത്വചനങ്ങൾ
- ഷിബു കൊച്ചിക്കൽ

വാർത്തകളും അറിയിപ്പുകളും.


**Friends of Doothan**

Name of friend who donte Rs.100/-for the publication of Doothan will be published. Help this noble purpose

-Manager

ദൈവകൃപയാൽ
നിരണം ഭദ്രാസന മെത്രാപ്പോലീത്തായും
മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ്
പ്രസിഡന്റുമായ

**ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
**മെത്രാപ്പോലീത്തായിൽ നിന്നും**

(മുദ്ര)

നമുക്കേറ്റവും പ്രിയപ്പെട്ട .................................................. ന് വാഴ്വ്.

പ്രിയനെ,

മാവേലിക്കര മിഷൻ ട്രെയിനിംഗ് സെൻററിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന ജൂബിലിഫണ്ടിൽ പ്രിയൻ കാര്യമായി സഹകരിച്ചതിൽ നാം പ്രത്യേകം അഭിനന്ദിക്കുകയും കൃതജ്ഞത വീണ്ടും അറിയിക്കുകയും ചെയ്യുന്നു. 'മിഷൻ സെൻററിന്റെ സുഹൃത്ത്' എന്ന നിലയിൽ പ്രത്യേകം ഒരു കാര്യം അറിയിക്കുവാൻ ഇതെഴുതുന്നു. നമ്മുടെ സഭയുടെ മിഷൻ ബോർഡിന്റെ കീഴിൽ കഴിഞ്ഞ പത്തു വർഷമായി ദൂതൻ ത്രൈമാസിക പ്രസിദ്ധീകരിച്ചു കൊണ്ടാണിരിക്കുന്നത്. ദൈവകൃപയാൽ മാവേലിക്കര മിഷൻ സെൻററിൽ ഒരു ഓഫ്സെററ് പ്രിൻറിംഗ് പ്രസ് വാങ്ങാൻ കഴിഞ്ഞതിനാൽ അടുത്തലക്കം മുതലുള്ള ദൂതൻ കൂടുതൽ വിഭവങ്ങളോടും പുതുമയോടും കൂടി പ്രസിദ്ധീകരിക്കുവാൻ സാധിക്കും. 'മിഷൻ സെൻററിന്റെ സുഹൃത്തായ' പ്രിയൻ ദൂതൻ ത്രൈമാസികത്തിന്റെ വരിക്കാരനായി ചേർന്ന് ഈ സംരംഭത്തെ വിജയിപ്പിക്കണമെന്നു താല്പര്യപ്പെടുന്നു. വാർഷിക വരിസംഖ്യ 20 രൂപയും ആയുഷ്കാല വരിസംഖ്യ 300 രൂപയും മാത്രമാണ്. ത്രൈമാസികത്തെ സംബന്ധിക്കുന്ന അഭിപ്രായങ്ങളും പ്രിയൻ അറിയിക്കുന്നത് നന്നായിരിക്കും.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1998 ജൂലൈ 21-ാം തീയതി
മാവേലിക്കര മിഷൻ സെൻററിൽ നിന്നും

പത്രാധിപക്കുറിപ്പ്:

# ബുദ്ധൻ ചിരിക്കുന്നു; പിശാചും........

അണുബോംബുകൾ, നുണബോംബുകൾ, പണപ്പെരുപ്പ ബോംബുകൾ, പൊട്ടുന്ന, പൊള്ളുന്ന വാർത്തകൾ ധാരാളം. കെട്ടുന്ന, മെരുക്കുന്ന വാർത്തകൾ ചുരുക്കം. പൊഖ്റാൻ, ചഗായ് കുട്ടികളികൾ കണ്ട് ആണവ വിജ്ഞാനത്തിന്റെ ഉപജ്ഞാതാവായ നീൽഭോർ, അണുശാസ്ത്രത്തിന്റെ പിതാവായ ഓപ്പൻഹൈമർ എന്നിവർ കരയുന്നുണ്ടാവും. പക്ഷേ, പിശാച് പൊട്ടിച്ചിരിക്കുന്നു. സങ്കുചിത ചിന്തകളും വെറുപ്പും വിദ്വേഷവും ഫണമുയർത്തുന്നു.

അണുവിജ്ഞാനത്തിന്റെ കുത്തക തകർക്കുന്നവർക്ക് അണുവായുധങ്ങളുടെ നശീകരണ ശക്തിയെ ഫലപ്രദമായി നിയന്ത്രിക്കാനാകുമോ? അണുവായുധ നിരോധന നീക്കങ്ങൾ സമ്മർദ്ദതന്ത്രങ്ങളാൽ വിജയിപ്പിക്കാനാകുമോ? രാഷ്ട്രത്തോടും ശാസ്ത്രത്തോടും കൂറു പുലർത്തുന്നവർക്ക് മനുഷ്യരാശിയോട് നീതിയും കൂറും പുലർത്താനാവുമോ?

സുരക്ഷിതത്വവും ആത്മാഭിമാനവും (പൊള്ളയായ?) നേടാൻ പൊഖ്റാൻ പരീക്ഷണം അനിവാര്യമായിരുന്നുവോ എന്ന് കാലം തെളിയിക്കും. സമാധാന സംരംഭങ്ങൾ ചൂടുപിടിക്കുവാൻ ഈ സ്ഫോടനങ്ങൾ ആവശ്യമായിരുന്നുവെന്നും വരാം. ക്യാൻസറും അൾസറും പോളിയോയും മററ് മാരകരോഗങ്ങളും വ്യാപിക്കുവാൻ അണുപരീക്ഷണങ്ങൾ ഇടയാക്കുന്നു എന്ന സത്യം ബാക്കി നില്ക്കുന്നു.

നഗരങ്ങളെയും നാഗരികതകളെയും സംസ്കാരങ്ങളെയും പച്ചിലത്തുമ്പുകളെയും ഭൂമുഖത്തു നിന്നും തുടച്ചു മാററുന്നതിന്റെ മുന്നോടിയല്ലേ ഈ ആയുധ മത്സരം? ഏററവും ഭീകരമായ ദുരന്തത്തിന്റെ അപകടമണി സൂചികൾ പന്ത്രണ്ടോട്

അടുത്തുകൊണ്ടിരിക്കുമ്പോൾ എവിടെ സുരക്ഷിതത്വം? എന്തിനാണീ അഭിമാനം? അണുവിജ്ഞാനം മനുഷ്യപുരോഗതിയ്ക്കും സമാധാനത്തിനും മാത്രം ഉപയോഗിക്കാമെന്ന പ്രതിജ്ഞകൾ പാലിക്കപ്പെടുമെന്ന് ഉറപ്പില്ലാതെ എന്തു സമാധാനം?

സുരക്ഷിതാവസ്ഥ അരക്ഷിതാവസ്ഥയാകാതിരിക്കട്ടെ. സമൂഹങ്ങളുടെ മുൻഗണനകൾ മാറട്ടെ. മൂല്യാവബോധം തിരുത്തിക്കുറിക്കട്ടെ. ഒരു ബട്ടണമർത്തിയാൽ എന്തും സംഭവിക്കാം. എല്ലാ രംഗത്തും ഗർവ്വോടെ വിരാജിക്കുന്ന നേതാക്കൾ അശ്രദ്ധയോടെ അണുബോംബുകൾ പൊട്ടിച്ച് നാശം വിതയ്ക്കാറുണ്ട്. ക്രിസ്തീയ സഭകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ദൈവരാജ്യത്തിനും സുവിശേഷസത്യങ്ങൾക്കും മുൻഗണന കൊടുക്കുവാനും അതിനുവേണ്ടി വലിയ ത്യാഗങ്ങൾ സഹിക്കുവാനും നമുക്കു കഴിയണം.

ക്ലിൻറൻ ശൈലി കടമെടുത്താൽ 'അടിസ്ഥാനപരമായ അബദ്ധങ്ങൾ' വരുത്തി വയ്ക്കുന്നതിൽ നിന്ന് എല്ലാവരും പിന്തിരിയണം. (ക്ലിൻറൻ ഉൾപ്പെടെ) ബുദ്ധൻെറ ചിരി പിശാചിൻെറ പൊട്ടിച്ചിരിയാകാതിരിക്കട്ടെ. സാമ്രാജ്യത്വവാദികളുടെയും ആയുധക്കച്ചവടക്കാരുടെയും പൊട്ടിച്ചിരി ബുദ്ധനേയും പിശാചിനേയും തോല്പിക്കുന്നു.

അല്പത്തിലെ പൊങ്ങച്ചത്തിലും ദുരഭിമാനത്തിലും കാലിയായ കീശയിലും കമ്പോളം എല്ലാവർക്കും തുറന്നു കൊടുത്ത് കോളാ കുടിപ്പിച്ച് നാടിനെ നശിപ്പിക്കുന്ന ഗ്ലോബലൈസേഷൻ ദുരന്തത്തിലും നാം ലജ്ജിക്കണം. സ്വന്തം തട്ടകങ്ങളിൽപ്പോലും നീതി നിവർത്തിക്കാത്ത ക്രിസ്തീയ സഭകൾക്ക് ആഗോള നീതിയെപ്പററി പറയുവാൻ അവകാശമില്ലെന്നും നാം അറിഞ്ഞിരിക്കണം. ബുദ്ധൻെറ ചിരിയും പിശാചിൻെറ പൊട്ടിച്ചിരിയും ആദ്ധ്യാത്മിക രംഗങ്ങളിൽ കൂടുതൽ ചർച്ചാവിഷയമാകണം.

**—ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ**



# സുവിശേഷകരുടെ ജീവിതശൈലി എന്തായിരിക്കണം?

**കെ.എം. മാത്യു, ചീഫ് എഡിററർ മലയാള മനോരമ**

നമ്മുടെ സഭയിലെ ബഹുമാനപ്പെട്ട വൈദികരുടെയും മേലദ്ധ്യക്ഷന്മാരുടെയും ഈ സദസിനു നിർദ്ദേശങ്ങളോ ഉപദേശങ്ങളോ ഒന്നും നൽകാനുള്ള കഴിവ് എനിക്കില്ലെന്ന് എനിക്ക് നന്നായി അറിയാം.

എന്നാൽ നമ്മുടെ സമുദായാംഗങ്ങളുമായി മിക്ക ദിവസങ്ങളിലും ബന്ധപ്പെടുന്ന ഒരാളെന്ന നിലയിൽ അവരിൽ നിന്ന് പലപ്പോഴും ഉയർന്നു വന്നിട്ടുള്ള ചില അഭിപ്രായങ്ങളും ചിന്തകളും തികഞ്ഞ വിനയത്തോടെ ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

മാമ്മോദീസത്തൊട്ടിമുതൽ മരണക്കിടക്ക വരെ, ജീവിതകാലം മുഴുവൻ, ഒരു കൊല്ലം 52 ഞായറാഴ്ചയും വൈദികരുടെ ഉപദേശവും പ്രസംഗങ്ങളും കേൾക്കാൻ നിയോഗമുള്ള ഒരാൾക്ക് തിരിച്ച് അച്ചന്മാരെ Captive audience ആയി കിട്ടുന്നതിൽ അല്പം കാവ്യനീതിയുണ്ടെന്ന് നിങ്ങളും സമ്മതിക്കുമല്ലോ. കൊല്ലക്കുടിയിൽ സൂചി വിൽക്കാൻ പോകുന്ന പ്രതീതിയുണ്ടായാൽ ക്ഷമിക്കണം.

Captive audience - ൻെറ നിസ്സഹായതയും സഹനവും എന്തെന്ന് നമ്മുടെ അച്ചന്മാരിൽ പലരും മനസ്സിലാക്കിയിട്ടില്ല.

നമ്മുടെ കുർബാനയും കർമ്മങ്ങളുമൊക്കെ സാമാന്യം ദീർഘമാണ്. ഇതിനു പുറമേ, കുർബാന മദ്ധ്യേ ലഘുവായി ചില കാര്യങ്ങൾ പറയേണ്ടതും പുരോഹിതൻെറ ചുമതലയാണ്.

എന്നാൽ കാലവും സമൂഹവും മാറുന്നത് അറിയാതെ ഇത്തരം അവസരങ്ങളിൽ ദീർഘമായ പ്രസംഗത്തിനു ചില അച്ചന്മാർ തുനിയുന്നതു കാണാറുണ്ട്. അവരുടെ സദുദ്ദേശ്യം മാനിച്ച് കൊണ്ട് തന്നെ പറയട്ടെ. പുതിയ തലമുറയുടെ മനഃ

ശാസ്ത്രം കൂടി അറിഞ്ഞാലേ അതിന്റെ മറുവശം നമുക്കു മനസ്സിലാകൂ.

എല്ലാററിലും ഇൻസ്ററന്റിന്റെ കാലമാണല്ലോ ഇപ്പോൾ: ക്രിക്കററിൽ പോലും ദിവസങ്ങൾ നീളുന്ന ടെസ്ററ് ക്രിക്കററിനു പകരം ഏകദിന കളി വന്നിരിക്കുന്ന കാലമല്ലേ?

സന്ദർഭമോ സദസിന്റെ സ്വഭാവമോ നോക്കാതെ നെടുങ്കൻ പ്രഭാഷണം ചെയ്യുന്നതു കൊണ്ട് ആർക്കും ഒരു പ്രയോജനവുമുണ്ടെന്നു തോന്നുന്നില്ല. അച്ചൻ പറയുന്നത് ആരും ശ്രദ്ധിക്കുന്നുണ്ടാവില്ല. ശ്രദ്ധിച്ചാൽ തന്നെ ഒന്നും തലയിൽ കയറുന്നുമുണ്ടാവില്ല. ദീർഘമായ പ്രസംഗം കഴിഞ്ഞ് ഇന്നെന്താണ് പ്രസംഗിച്ചതെന്നു ചോദിച്ചാൽ ഇടവകക്കാരിൽ എത്രപേർ ശരിയായി മറുപടി നൽകും? പിന്നെ പ്രസംഗത്തിൽ എന്തെങ്കിലുമൊരു പുതിയ വെളിച്ചം അല്ലെങ്കിൽ പുതിയ ആശയം നൽകാനും കഴിയേണ്ടേ? ഇല്ലെങ്കിൽ നാം എപ്പോളാണ് അബദ്ധത്തിൽ ചെന്നു ചാടുന്നതെന്ന് ആർക്കറിയാം.

ഒരു കഥ എന്റെ മനസിൽ വരുന്നു. നമ്മുടെ സഭയിലല്ല. മററൊരു സഭയിൽ ഉണ്ടായതാണ്. അച്ചന്മാർ വിരളമായ കാലം. ഒരച്ചന് ഞായറാഴ്ച മൂന്നു നാല് കുർബാന ചൊല്ലണം. ആദ്യത്തെകുർബാനയ്ക്ക് അച്ചന്റെ പ്രസംഗ വിഷയം പത്രോസിന്റെ അമ്മായിയമ്മയ്ക്ക് ദീനം എന്നതായിരുന്നു. അതങ്ങനെ അടിച്ചു പരത്തി. രണ്ടാമത്തെ പ്രസംഗത്തിലും അതിന്മേൽ കിടന്നു കസറി. മൂന്നാമത്തെ കുർബാനയായപ്പോൾ ഉച്ചയായി. അച്ചൻ മൂന്നാം വട്ടവും പത്രോസിന്റെ അമ്മായിയമ്മയുടെ ദീനത്തെക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ കപ്യാർ പറഞ്ഞു 'അവരിപ്പോൾ ചത്തു കാണും. രാവിലെ തന്നെ അത്യാസന്ന നിലയിലായിരുന്നല്ലോ!

അനുഷ്ഠാനങ്ങളുടെയും കർമ്മങ്ങളുടെയും കാര്യത്തിൽ Rituals and litergy കാലാനുസൃതമായ മാററങ്ങൾ ആവശ്യമാണ്. ആഗോളവത്കരണത്തിന്റെയും ഇൻഫർമേഷൻ സൂപ്പർ ഹൈവേയുടെയും കാലമാണ്. നമ്മുടെ സമൂഹത്തിൽ കഴിഞ്ഞ പത്തു കൊല്ലത്തിനിടയിലുണ്ടായ മാററങ്ങളുടെ ആഴവും വ്യാപ്തിയും നാം ഉൾക്കൊള്ളണം. 82 വയസ്സായ ഞാൻ ഇത് പറയുമ്പോൾ അധികപ്രസംഗമായി തോന്നരുതെന്ന് വിനീതമായി അപേക്ഷിക്കുന്നു. ഈ മാനദണ്ഡങ്ങൾ വച്ച് ഒരു പത്രത്തെ വിലയിരുത്തുന്ന വായനക്കാരന്, തനിക്ക് ഇന്ന് ആവശ്യമുള്ള ചരക്കല്ല ഇതെന്നു കണ്ടാൽ ആ പത്രം വേണ്ടെന്നു വയ്ക്കാം. ഒരു വിശ്വാസിക്ക് ഇടവകയിലെ അച്ചന്റെ പ്രസംഗവും രീതിയും പിടിക്കുന്നില്ലെങ്കിലോ അച്ചനെ മാററാനാവില്ല. സമുദായം മാറേറണ്ടി വരും.





ഹൈചർച്ചിൽ അംഗമായിരുന്ന വൈസ്രോയി ലോഡ് ഇർവിൻ നമ്മുടെ കുർബാനയിൽ സംബന്ധിക്കാൻ തിരുവനന്തപുരം പള്ളിയിൽ വന്ന സംഭവം ഞാനോർക്കുന്നു. അരമണിക്കൂർ കൊണ്ട് കുർബാന തീർത്തിട്ട്, കുറിച്ചിയിലെ വലിയ ബാവാ തിരുമേനി പള്ളിയുടെ പ്രധാന കവാടത്തിലേക്ക് ചെന്ന് പ്രഭുവിനെ യാത്രയയ്ക്കുകയായിരുന്നു. നമ്മളാരും പരിശുദ്ധ വലിയ ബാവായെക്കാൾ ഭക്തന്മാരല്ലല്ലോ.

വി. കുർബാനയുടെയും മററു കർമ്മങ്ങളുടെയും ദൈർഘ്യം കൊണ്ട് പുണ്യം കൂടുമെന്ന് ഇന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കല്യാണവേളയിൽ, കർമ്മങ്ങളിലും പ്രാർത്ഥനയിലും തന്നെ വധൂവരന്മാർക്കുള്ള ഉപദേശങ്ങൾ വേണ്ടതിലേറെയുള്ളപ്പോൾ, പിന്നെയും ഒരു പ്രസംഗത്തിനു പ്രസക്തിയുണ്ടോ? ഇതിനെപ്പററി ബഹുമാനപ്പെട്ട അച്ചന്മാരും അഭി: തിരുമേനിമാരും ഒന്നു ചിന്തിക്കണം.

മുമ്പിലുള്ള സദസ് ശുഷ്കമാണോ, യുവാക്കളുടേതാണോ, പ്രഫഷണൽ തലത്തിൽ ഉയർന്ന നിലവാരമുള്ളവരുടേതാണോ, വേദവിജ്ഞാനത്തിൽ നിപുണരായവരുടേതാണോ എന്ന് നോക്കാതെ പ്രസംഗിക്കുന്നതിലെ അഭംഗിയും അനൗചിത്യവും ഞാനിത്രയും നീട്ടിപ്പരത്തി പറഞ്ഞതിൽ നിന്നുതന്നെ നിങ്ങൾക്കു ബോധ്യപ്പെട്ടിരിക്കും.

മനുഷ്യരുടെ Attention span പതിനഞ്ചു മിനിററിൽ കൂടുകയില്ലെന്നാണ് വിദഗ്ധർ പറയുന്നത്. ഇത് Rotary Club പ്രസിഡന്റുമാർക്ക് അമേരിക്കയിലെ പഠനകേന്ദ്രത്തിൽ പഠിപ്പിക്കുന്ന ഒരു സത്യമാണ്. പറയേണ്ട കാര്യങ്ങൾ ചുരുക്കിപ്പറയാൻ നാം ശ്രദ്ധിക്കണമെന്നു സാരം.

സഭയുടെയും സമൂഹത്തിന്റെയും നന്മയെ മുൻനിർത്തി മൂന്നോ നാലോ വർഷം കൂടുമ്പോൾ അച്ചന്മാരും അഞ്ചോ ആറോ കൊല്ലം കൂടുമ്പോൾ മെത്രാച്ചന്മാരു സ്ഥലം മാറുന്നത് അഭികാമ്യമാണ്. അവരവർത്തന്നെ അതിന് വഴി കാട്ടുന്നതല്ലേ ഭംഗി? എന്റെ പ്രസംഗം ഒരു ലാത്തിയടിയായി നിങ്ങൾക്കു തോന്നാമെങ്കിലും നിങ്ങൾക്കറിയാവുന്ന ഒരു സത്യം ഞാൻ വീണ്ടും പറയുന്നത് ക്ഷമിക്കണം.

വൈദികനിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത് ദൈവവിശുദ്ധിയുമായി നിരന്തര സമ്പർക്കത്തിൽ വ്യാപരിക്കുന്ന പ്രാർത്ഥനയുടെയും, ധ്യാനത്തിന്റെയും, ത്യാഗത്തിന്റെയും ചൈതന്യമുള്ള ജീവിത വിശുദ്ധിയാണ്.

കോൺഗ്രസ് എന്നത് പണ്ട് സഹനത്തിന്റെയും ത്യാ

ഗത്തിന്റെയും അഹിംസയുടെയും ഉദാത്തമായ പ്രതീകമായിരുന്നു. ഖദർവേഷം അതിന്റെ ബാഹ്യമായ ഒരടയാളം മാത്രമായിരുന്നു. ഇന്ന് ആ പാർട്ടിയുടെ പഴയ ആ ആത്മസത്ത തീർത്തും ഇല്ലാതായി. ഖദർവേഷങ്ങൾ മാത്രം അവശേഷിക്കുന്നു. പൗരോഹിത്യത്തിന്റെ അന്തസത്തയെക്കാൾ പുറംമോടികൾക്കല്ലേ ഇന്നു ചിലരെങ്കിലും പ്രാമുഖ്യം കല്പിക്കുന്നതെന്ന് ആലോചിക്കേണ്ടതാണ്.

ഒരു കത്തോലിക്കാ കലാലയത്തിന്റെ ജൂബിലി സമ്മേളനത്തിൽ മുഖ്യാതിഥിയായി എത്തിയ അന്നത്തെ മന്ത്രി എം. എൻ. ഗോവിന്ദൻ നായർ ദൈവവിളിയെക്കുറിച്ച് പറഞ്ഞത് ഞാനോർക്കുന്നു. ഒരു വീട്ടിൽ മൂന്ന് ആൺമക്കൾ. മൂത്തവൻ പഠിക്കാൻ മിടുക്കനാണ്. അവനെ ഡോക്ടറോ എഞ്ചിനീയറോ ആക്കണം. രണ്ടാമൻ കുടുംബത്തിലെ കൃഷിയും മറ്റും നോക്കും. പിന്നെ മൂന്നാമൻ ഒരുത്തനുണ്ട് അവനെക്കൊണ്ട് ഒന്നിനും കൊള്ളില്ല. അവനെ ഞാൻ അച്ചൻ ആക്കും എന്നാണ് അവന്റെ അപ്പൻ പറഞ്ഞതെന്ന് M. N. ഗോവിന്ദൻ നായർ പറഞ്ഞു. ഇന്ന് പക്ഷേ ആ സ്ഥിതി ഒക്കെ മാറി. ഏതാനും നാൾ മുമ്പ് എന്റെ അടുത്തബന്ധു പിതാവിനെക്കൂട്ടി എന്നെ കാണുവാൻ വന്നു. വിദ്യാഭ്യാസ യോഗ്യത B. Sc. ജോലിക്കായിരിക്കും വന്നതെന്നു കരുതി ഞാൻ അതിനുള്ള വഴിപറഞ്ഞു തുടങ്ങിയപ്പോൾ ആ പിതാവു പറഞ്ഞു 'അയ്യോ. ജോലി ഒന്നും വേണ്ട. അവൻ വൈദികസെമിനാരിയിൽ പഠിക്കാൻ പോകുകയാണ് എന്ന് അറിയിക്കാൻ വന്നതാണ്'. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് ഇന്നത്തെ വൈദികാർത്ഥികൾ എഞ്ചിനീയർമാരും മറ്റും സെമിനാരിയിൽ പഠിക്കുന്നുണ്ട്. അതുകൊണ്ട് അവരെ പഠിപ്പിക്കുന്നതിലും വഴി കാട്ടുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കത്തോലിക്കാ വൈദിക പരിശീലനം 11 വർഷം നീണ്ടുനിൽക്കുമ്പോൾ നമ്മുടെ സെമിനാരികളിൽ 4 കൊല്ലമേ പരിശീലനം ഉള്ളു. നമ്മുടെ സെമിനാരി കോഴ്സുകളിൽ വേദപഠനവും ദൈവവിജ്ഞാനവും തത്വശാസ്ത്രവും ഒക്കെയുണ്ടാവാം. എന്നാൽ ആ Intensive course-ൽ നല്ലൊരു സമൂഹജീവിയായിരിക്കാൻ പര്യാപ്തമായ പരിശീലനം ലഭിക്കുന്നുണ്ടോ? എനിക്കറിയാൻ പാടില്ല.

മാമൂലുകളിൽ മുറുകെ പിടിക്കാതെ സമൂഹത്തിന്റെ ആവശ്യങ്ങളോടെ പ്രതികരിക്കുവാൻ നല്ല പുരോഹിതനു കഴിയും.

മനോരമ കോഴിക്കോടു യൂണിറ്റിലെ ഓർത്തഡോക്സുകാരനായ ഒരു ജീവനക്കാ





രൻ 25 വർഷം മൂമ്പ് ആത്മഹത്യ ചെയ്തു. സാധാരണഗതിയിൽ ദുർമരണത്തിന്റെ കാര്യത്തിൽ സംസ്കാരശുശ്രൂഷയ്ക്ക് വൈദികൻ വരില്ലെന്ന് അറിയാം. എന്നാൽ ആ ഓഫീസിൽ ക്രൈസ്തവരെക്കാൾ അധികം അന്യമതസ്ഥരാണെന്ന് അറിയാവുന്ന ഫാ. മത്തായി തോപ്പിൽ ശുശ്രൂഷ നടത്താൻ എത്തി. ആത്മഹത്യയോടുള്ള സഭയുടെ സമീപനത്തെക്കുറിച്ച് അനുസ്മരണ പ്രസംഗത്തിൽ സൂചിപ്പിക്കുകയും ചെയ്തു. ആ വൈദികന്റെ സാന്നിദ്ധ്യം കരുണാർദ്രമായ ഒരു ക്രൈസ്തവ സാക്ഷ്യമായി മാറി. അച്ചൻ വന്നില്ലായിരുന്നെങ്കിലോ? അക്രൈസ്തവരായ സഹപ്രവർത്തകരുടെ ഇടയിൽ അതൊരു വിമർശന ചർച്ചയ്ക്ക് വിഷയമായേനേ. ഇങ്ങനെ അനേകം സംഭവങ്ങൾ നമ്മുടെ അച്ചന്മാരിൽ എടുത്തുകാട്ടുവാൻ കഴിയും.

ലൗകിക ആർഭാടങ്ങളിലും ദ്രവ്യാർത്തിയിലും മുഴുകിക്കഴിയുന്നവർ എങ്ങനെ ദൈവിക മനുഷ്യനാകും? അമേരിക്കയിൽ 6 ദിവസം ടാക്സിഡ്രൈവറും ശാബതു ദിനത്തിൽ വൈദികനുമായിരിക്കുന്ന ഒരു മലയാളി. മറ്റൊരു സമുദായക്കാരനാണു കേട്ടോ. അവിടെ ചിട്ടിക്കമ്പിനി നടത്തി. നാട്ടുകാരെ കബളിപ്പിക്കാനായി സ്വത്തെല്ലാം ഭാര്യയുടെ പേരിൽ എഴുതിവച്ച ശേഷം ഭാര്യയിൽ നിന്ന് രേഖയിൽ വിവാഹമോചനം നേടുകപോലും ചെയ്തതായി കേട്ടു. നിങ്ങളുടെ അച്ചനാണ് ഞങ്ങളുടെ നാട്ടിലെ ഏറ്റവും നല്ല L I C ഏജന്റ് എന്ന് ഒരാൾ നിങ്ങളോടു പറഞ്ഞാൽ അതിലെന്തോ പന്തികേടില്ലേ?

കഷ്ടാനുഭവാഴ്ചയിൽ നല്ല ഒരു ശുശ്രൂഷയിൽ സംബന്ധിക്കണമെങ്കിൽ നമ്മൾ ഗൾഫിൽ പോകേണ്ട സ്ഥിതി ആണിപ്പോൾ. ഈ സ്വഭാവം എല്ലാ ക്രൈസ്തവസഭകളെയും ഒരുപോലെ ബാധിച്ചിട്ടുണ്ട്. ബുക്കർപ്രൈസ് നേടിയ അരുന്ധതി റോയിയുടെ നോവലിൽ നമ്മുടെ പട്ടക്കാരെ 'പണപ്പിരിവുകാർ' എന്ന് വിശേഷിപ്പിച്ചത് വായിച്ചപ്പോൾ എനിക്കു സങ്കടം തോന്നി.

പള്ളിപ്പെരുന്നാളുകളിൽ ആർഭാടങ്ങൾ ഒഴിവാക്കണമെന്നും പെരുന്നാളുകൾ ആത്മീയതയ്ക്ക് പ്രാധാന്യം കൊടുക്കണമെന്നും അഭി: തിരുമേനിമാർ തന്നെ ആവശ്യപ്പെടുമ്പോൾ ആവശ്യമില്ലാത്ത സ്വീകരണങ്ങൾക്കും യാത്രയയപ്പുകൾക്കുമൊക്കെ ആർഭാടം വേണോ?

അജപാലന ശുശ്രൂഷയുടെ ഭാഗമായി ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ നമ്മുടെ വൈദികർ എന്തൊക്കെ ചെയ്യുന്നുണ്ട്? ആത്മാക്കളുടെ സംരക്ഷണമാണ് പൗരോഹിത്യ ശുശ്രൂഷയുടെ പ്രഥമ ദൗത്യം. പാവപ്പെട്ടവരോടും പുറംതള്ള

പ്പെട്ടവരോടും പ്രവാസികളോടും പ്രത്യേക കരുണ കാണിക്കണം. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ ആ ശുശ്രൂഷയുടെ ഭാഗമാണ്. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒരു മാസം ചികിത്സയിൽ കഴിഞ്ഞ ഒരാൾ എന്നോടു പറഞ്ഞു: 'നമ്മുടെ അച്ചൻ ഒഴികെ മററെല്ലാ സഭകളുടെയും അച്ചൻമാർ വാർഡിൽ എന്നെ സന്ദർശിച്ചു എന്ന്'. ഇതൊക്കെ ഒററപ്പെട്ട സംഭവങ്ങളാണ്. എങ്കിൽ തന്നെ അങ്ങനെ പറയിപ്പിക്കണോ?

കൊല്ലത്തിൽ എത്രതവണയാണ് നാം പൊതുജനങ്ങളിൽ നിന്ന് പണം പിരിക്കുന്നത്! വല്ലപ്പോഴും ഒരിക്കൽ നല്ലൊരു കാര്യത്തിനു വേണ്ടി സംഭാവന ചോദിച്ചാൽ ജനം വളരെ ഉദാരമായി പ്രതികരിക്കും. വർക്കലയിൽ അനാഥരായ 3 കുഞ്ഞുങ്ങൾക്കു വേണ്ടി മനോരമ സഹൃദയരുടെ സഹായം അഭ്യർത്ഥിച്ചപ്പോൾ 25 ലക്ഷം രൂപ പിരിഞ്ഞു കിട്ടി. അതിനു പകരം മനോരമ തന്നെ സ്ഥിരം പിരിവിനിറങ്ങിയാലോ!

സമാഹരിക്കുന്ന സംഭാവനയുടെ collection-ന്റെ കാര്യത്തിലെ accountability വലിയൊരു സംഗതിയാണ്. പിരിച്ച പണത്തിനു കണക്കുണ്ടാകണം. മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മാതൃക ഞാൻ അനുസ്മരിച്ചു പോകുകയാണ്. അദ്ദേഹത്തെ ഏല്പിക്കുന്ന ഓരോ രൂപായ്ക്കും കൃത്യമായ കണക്കുണ്ടാകും. ആ പണം എങ്ങനെ വിനിയോഗിച്ചുവെന്ന് ദാതാവിനെ അറിയിക്കുകയും ചെയ്യും. കൃത്യമായിത്തന്നെ ഉപയോഗിക്കുന്ന മററ് ഒട്ടേറെപ്പേര് ഉണ്ടാകാം. പക്ഷേ പണം നൽകുന്നവരെ അക്കാര്യം അറിയിക്കേണ്ടേ? പണ്ടത്തെ മൂക്കഞ്ചേരിൽ തിരുമേനിയും ഒരു നല്ല മാതൃകയായിരുന്നു. Ecclesiastical ego ഒട്ടും ബാധിക്കാത്തയാളായിരുന്നു മൂക്കഞ്ചേരിൽ തിരുമേനി.

പഴയ ഒരു സംഭവം ഓർമ്മ വരുന്നു. മദ്രാസിലേക്കുള്ള ഒരു മെത്രാച്ചൻ സഞ്ചരിക്കുന്നു. തിരുമേനിക്കു കിട്ടിയിരിക്കുന്നത് അപ്പർ ബർത്താണ്. ആരോഗ്യസ്ഥിതി അത്ര നന്നല്ല. തിരുമേനിയുടെ അവസ്ഥ മനസിലാക്കി താഴത്തെ ബർത്തിലെ സഹയാത്രികൻ മുകളിലേക്കു പോകാൻ സന്മനസ്സു കാണിക്കുന്നു. വിളക്കണച്ച് യാത്രക്കാർ ഉറക്കം തുടങ്ങി. കുറച്ചങ്ങു പോയപ്പോൾ താഴെ കിടക്കുന്ന മെത്രാച്ചന് ഒരുതോന്നൽ: എന്റെ മുകളിൽ അവൻ കയറി കിടക്കുകയോ! അത്രയ്ക്കു വേണ്ട. അയാളെ താഴെ ഇറക്കിയിട്ട് മെത്രാച്ചൻ അപ്പർ ബർത്തിൽ വലിഞ്ഞു കയറി.

സമൂഹത്തിന് യഥാർത്ഥ ക്രൈസ്തവ നേതൃത്വം നൽകുന്ന വൈദികരെ ആവശ്യമുണ്ട്. നമ്മുടെ പൗലോസ് മാർ





ഗ്രീഗോറിയോസ് തിരുമേനിയും തിരുവനന്തപുരത്ത് മലങ്കര റീത്ത് മെത്രാപ്പോലീത്ത ആയിരുന്ന ബെനഡിററ് മാർ ഗ്രീഗോറിയോസ് തിരുമേനിയും മററും സമുദായത്തിന്റെയും സഭയുടെയും അതിർവരമ്പുകൾക്ക് അപ്പുറത്ത് സമൂഹത്തിന്റെ പൊതുവായ ആചാര്യസ്ഥാനത്ത് വിരാജിച്ചവരാണ്.

ദൈവവചനത്തോടും വിശ്വാസ പാരമ്പര്യത്തോടും വിശ്വസ്ഥത പുലർത്തി, സമൂഹത്തിൽ പുളിമാവു പോലെ പ്രവർത്തിച്ചു കൊണ്ട് ക്രിസ്തീയ മൂല്യങ്ങൾ പകർന്നു കൊടുത്ത പട്ടക്കാരുമായിരുന്നു അവർ.

പൗരോഹിത്യത്തിന്റെ മഹിമയും വിശുദ്ധിയും ഉയർത്തിക്കാട്ടിയ പുണ്യചരിതരായ നിരവധി വൈദികരുടെ ധന്യപാരമ്പര്യം നമ്മുടെ കൺമുമ്പിലുണ്ട്. അദ്ധ്യാപകരാണെങ്കിൽ അർപ്പണബോധമുള്ള നല്ല അദ്ധ്യാപകരായ വൈദികർ. ഡോ. ബാബു പോളിന്റെ പിതാവ് പൗലോസ് കോർ-എപ്പിസ്കോപ്പ, ആരക്കുന്നത്തെ ഫാ. പി. കെ. ശ്ലീബാ എന്നിവരെപ്പോലുള്ളവർ. കോനാട്ട് ഏബ്രഹാം മല്പാൻ, ചെറിയമഠം സ്കറിയ മല്പാൻ, മട്ടക്കൽ വല്യച്ചൻ തുടങ്ങിയവരുടെ ജീവിതം പൗരോഹിത്യത്തിന്റെ അർപ്പണ ശുശ്രൂഷയ്ക്ക് ഉത്തമദൃഷ്ടാന്തമാകുന്നു. പുരോഹിതന്റെ അധരം ജ്ഞാനം സൂക്ഷിക്കണം, വൈദികൻ ദൈവവചനത്തിന്റെ മനുഷ്യനായിരിക്കണം എന്നൊക്കെ നിങ്ങളിൽ നിന്നുതന്നെ ഞാൻ കേട്ടിട്ടുണ്ട്.

സുവിശേഷ ആഹ്വാനത്താൽ പ്രചോദിതമായ ജീവിതശൈലി തെരഞ്ഞെടുക്കാനും, സമൂഹത്തിൽ അനുരഞ്ജനത്തിന്റെയും ക്രൈസ്തവ സ്നേഹത്തിന്റെയും പ്രതീകമായി വർത്തിക്കാനും പരിശുദ്ധ പരുമല തിരുമേനിയുടെയും പുണ്യശ്ലോകൻമാരായ പിതാക്കൻമാരുടെയും അനുഗ്രഹവും ദൈവകൃപയും ഉണ്ടാകട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

**(1998 മെയ് 27 നു പരുമലയിൽ നടന്ന വൈദിക സമ്മേളനത്തിൽ നടത്തിയ പ്രസംഗമാണിത്. അവലംബം: ബഥേൽ പത്രിക)**

# ഓർത്തഡോക്സ് സഭ എന്തു വിശ്വസിക്കുന്നു?

–ഫാ: ഡോ. കെ. എൽ. മാത്യു വൈദ്യൻ

## ഓർത്തഡോക്സ് എന്ന പദം

'ഓർത്തഡോക്സ്' എന്ന ഗ്രീക്ക് പദത്തിന് 'ശരിയായത്' (the right one) എന്നാണർത്ഥം. 'ഡോക്സാ' എന്നാൽ 'സ്തുതിപ്പ്' (Glorification). ശരിയായ സ്തുതിപ്പ് നടത്തുന്ന സഭ, സത്യവിശ്വാസം പുലർത്തുന്ന സഭ എന്നൊക്കെയാണ് ഓർത്തഡോക്സ് സഭ എന്നതിന്റെ വിവക്ഷ. 'ഹെരസി' (Heresy) എന്ന പദത്തിന്റെ വിപരീതാർത്ഥത്തിലും ഓർത്തഡോക്സി എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. വേദവിപരീതങ്ങൾ തള്ളിക്കളഞ്ഞ സഭ എന്നും അർത്ഥമാക്കുന്നു. 'കാതോലികം' എന്നും 'ഓർത്തഡോക്സ്' എന്നും സമാനാർത്ഥത്തിൽ ആദിമസഭഉപയോഗിച്ചിരുന്നു. 'പൂർണ്ണതയുള്ള സഭ' എന്നാണ് കാതോലിക സഭ എന്നതിന്റെ അർത്ഥം. ഏററവും പൗരാണികമായ സഭകളും അപ്പോസ്തോലികമായി കൈമാറി ലഭിച്ച വിശ്വാസാചാരങ്ങൾ പുലർത്തുന്ന സഭകളുമാണ് ഓർത്തഡോക്സ് സഭകൾ.

## മൂന്ന് സാർവ്വത്രിക സുന്നഹദോസുകളിലെ വിശ്വാസം

അപ്പോസ്തോലന്മാരുടെയും മററ് ക്രിസ്തു ശിഷ്യരുടെയും പ്രവർത്തന ഫലമായി വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമായ ക്രിസ്തീയ സഭകളിൽ ചില പ്രാദേശിക പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും വേദവിപരീതങ്ങളും ഉണ്ടായപ്പോൾ സഭയുടെ ആകമാന സുന്നഹദോസുകൾ (Syncds) കൂടി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വിശ്വാസസത്യങ്ങൾ ക്രോഡീകരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. അങ്ങനെ എല്ലാവരും അംഗീകരിക്കുന്ന സഭയുടെ ആകമാന സുന്നഹദോസുകളാണ് ഏ. ഡി. 325-ലെ നിഖ്യാ സുന്നഹദോസ്, ഏ. ഡി. 381-ലെ കോൺസ്റ്റാൻറിനോപ്പിൾ സുന്നഹദോസ്, ഏ. ഡി. 431-ലെ എഫേസസ് സുന്നഹദോസ് എന്നിവ. ഇവയിൽ ക്രോഡീകരിക്കപ്പെട്ട വിശ്വാസ സത്യങ്ങൾ ഓർത്തഡോക്സ് സഭ ഏററുപറയുകയും പാലിക്കുകയും ചെയ്യുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്നു. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലും ക്രിസ്തു സ്ഥാപിച്ച സഭയിലും സഭയ്ക്കുവേണ്ടി ക്രിസ്തു ചെയ്ത ക്രമീകരണങ്ങളിലും വിശ്വസിക്കുന്നു. ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമെന്ന് വിശ്വസിക്കുന്നു. ക്രിസ്തു കൈമാറിത്തന്ന പാപമോചനാധികാരത്തിൽ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിലും രണ്ടാം വരവിലും ന്യായവിധിയിലും വിശ്വസിക്കുന്നു.

## ഓറിയൻറൽ ഓർത്തഡോക്സ് സഭകളും ബൈസൻറിയൻ ഓർത്തഡോക്സ് സഭകളും

ഏ. ഡി. 451-ലെ കൽക്കദോൻ (Chalcedon) സുന്നഹദോസിൽ വച്ചാണ് സഭയിൽ പ്രധാനപ്പെട്ട ഒരു വിഭജനമുണ്ടായത്. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും എങ്ങനെ സംയോജിച്ചിരിക്കുന്നു എന്നതിന്റെ വ്യാഖ്യാനത്തിലാണ് അഭിപ്രായ വ്യത്യാസം ഉണ്ടായത്. 'ഇരു സ്വഭാവങ്ങളിൽ സ്ഥിതി ചെയ്യുന്ന ഏകക്രിസ്തു' (in two natures) എന്ന പദം കൽക്കദോൻ സുന്നഹദോസിനെ അംഗീകരിക്കുന്ന സഭകൾ മുറുകെപ്പിടിച്ചപ്പോൾ 'ഇരു സ്വഭാവങ്ങളിൽ നിന്നുള്ള ഏകക്രിസ്തു' (out of two natures) എന്ന പദമാണ് അതിനെ അംഗീകരിക്കാത്ത സഭകൾ സ്വീകരിച്ചത്. കൽക്കദോൻ സുന്നഹദോസിനെ അംഗീകരിച്ച സഭകളാണ് റോമൻ കത്തോലിക്കാ സഭയും ബൈസൻറിയൻ ഓർത്തഡോക്സ് സഭകളും. കൽക്കദോൻ സുന്നഹദോസിന്റെ തീരുമാനങ്ങളെ അംഗീകരിക്കാത്ത സഭകളാണ് ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ. അർമ്മീനിയൻ ഓർത്തഡോക്സ് സഭ, കോപ്ററിക് അഥവാ ഈജിപ്തിലെ ഓർത്തഡോക്സ് സഭ, സിറിയൻ ഓർത്തഡോക്സ് സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ എന്നിവ ഈ ഗണത്തിൽപ്പെടുന്നു. ഗ്രീക്ക്, റഷ്യൻ, റുമേനിയൻ, യുഗോസ്ലോവിയൻ, ബൾഗേറിയൻ, ജോർജിയൻ തുടങ്ങിയ ഓർത്തഡോക്സ് സഭകളാണ് ബൈസൻറിയൻ ഓർത്തഡോക്സ് സഭകൾ. ക്രിസ്തുശാസ്ത്ര വിശദീകരണത്തിലെ മേല്പറഞ്ഞ പദപ്രയോഗങ്ങൾ ഒരേ അർത്ഥത്തിൽ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കി ഓർത്തഡോക്സ് സഭകൾ ഇന്ന് ഐക്യപാതയിൽ മുന്നേറുകയാണ്.

ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ തമ്മിൽ പൂർണ്ണ കുർബാന സംസർഗ്ഗം ഉണ്ട്. ബൈസൻറിയൻ ഓർത്തഡോക്സ് സഭകളുമായി കുർബാന സംസർഗ്ഗത്തിനു വേണ്ടിയുള്ള സംഭാഷണങ്ങൾ വളരെയധികം പുരോഗമിച്ചിട്ടുണ്ട്.

ഫിലിയോകെ അഥവാ പരിശുദ്ധാത്മാവ് പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന പഠിപ്പിക്കൽ, പോപ്പിൻെറ അപ്രമാദിത്വം, പോപ്പിൻെറ പരമാധികാരം, കന്യക മറിയാമ്മിൻെറ അമലോത്ഭവവാദം, മരണാനന്തരം ആത്മാക്കൾക്ക് ഒരു ശുദ്ധീകരണസ്ഥലം ഉണ്ടെന്ന പഠിപ്പിക്കൽ, ജന്മപാപം ഇവയൊന്നും ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നില്ല. സഭയിൽ ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും ഉൾപ്പെടുകയും അന്യോന്യം സംസർഗ്ഗത്തിൽ ജീവിക്കുകയും ചെയ്യുന്നു എന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. പാരമ്പര്യങ്ങളെ അവഗണിച്ചു കൊണ്ടുള്ള 'വേദപുസ്തകം മാത്രം' (Sola Scriptura) സിദ്ധാന്തവും സ്വീകരിക്കുന്നില്ല. പ്രാദേശിക സഭകൾക്ക് പൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യവും (Autonomy) സ്വയം ശീർഷകത്വവും (autocephaly) ഓർത്തഡോക്സ് സഭകൾ നൽകുന്നു. സഭാ ഘടനയിലെ അപ്പോസ്തോലന്മാരുടെ കൂട്ടുത്തരവാദിത്തത്തിലും (Collegiality) ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുന്നു. ആദാമ്യ പാപത്തിൽ (inherited sin) സഭ വിശ്വസിക്കുന്നുണ്ട്.

## സഭ എന്നാൽ എന്ത്?

ഈ ലോകം വിട്ടുപോയവരും ജീവിച്ചിരിക്കുന്നവരും ഒന്നു ചേർന്ന് ദൈവസംസർഗ്ഗത്തിലധിഷ്ഠിതമായ കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു രഹസ്യാത്മകമായ യാഥാർത്ഥ്യമായി വിശുദ്ധ സഭയെ ഓർത്തഡോക്സ് ക്രിസ്തീയ പാരമ്പര്യം ദർശിക്കുന്നു. എഫേസ്യർ 2:20-22 'യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവൻ യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിൻെറ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു'. ശരീരം വിട്ടുപോയവർ ജീവിക്കുന്നു. (1 പത്രോ: 4:6) ദൈവത്തെ പ്രസാദിപ്പിക്കുന്നു (2 കൊരി: 5:8, 9). സംസാരിക്കുന്നു (ലൂക്കോ: 9:30, 31). രാപ്പകൽ ദൈവത്തെ ആരാധിക്കുന്നു (വെളി: 7:15). ദൈവകൃപ ആവശ്യമില്ലാത്ത ഒരു നിമിഷം പോലും മനുഷ്യന് ഇല്ല. മരിച്ചുപോയവർക്കും ഈ ദൈവകൃപ പ്രാപിക്കാം. 'ഈ ലോക





ത്തിൽ ജീവിച്ച ശേഷം ശരീരം വിട്ടുപോയവരോട് ക്രിസ്തു സുവിശേഷം അറിയിച്ചു'. (1 പത്രോ: 3:19) കേൾക്കാനും പ്രതികരിക്കാനും മാനസാന്തരപ്പെടുവാനും കഴിയുന്ന അവസ്ഥയിലാണ് അവർ. സഭയെന്ന 'രഹസ്യ'ത്തെ സമയത്തിൻെറയും കാലത്തിൻെറയും പരിമിതികൾക്കുള്ളിൽ ഒതുക്കാനാവില്ല. ക്രിസ്തു ദൈവമാകയാൽ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭ രഹസ്യാത്മകമാണ്. അതുകൊണ്ട് ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ 'ക്രിസ്തുവിൻെറ രഹസ്യാത്മക ശരീരം' (The Mystical Body of Christ) എന്ന് സഭയ്ക്ക് നിർവ്വചനം നൽകപ്പെടുന്നു. ആത്യന്തികമായി ക്രിസ്തുവുമായി ഐക്യപ്പെടുക എന്നതാണ് സഭാംഗത്തിൻെറ ധർമ്മം. അനിർവ്വചനീയവും രഹസ്യാത്മകവുമാണ് ഈ ഐക്യം. ഇതെൻെറ ശരീരമെന്ന് വിശുദ്ധ കുർബാനയെക്കുറിച്ച് കർത്താവ് പറയുന്നു. വി. മാമ്മോദീസായിൽ കൂടി സഭയിലെ അംഗമായിത്തീർന്ന് വി. കുർബാന അനുഭവിച്ച് ക്രിസ്തുവുമായുള്ള ഐക്യം കാത്തുസൂക്ഷിച്ച് നന്മയിലും വിശുദ്ധിയിലും വളരുന്നവരാണ് സഭാംഗങ്ങൾ.

## ഏക മദ്ധ്യസ്ഥനായ ക്രിസ്തുവും വിശുദ്ധരുടെ സംസർഗ്ഗവും

ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിൻെറ മഹത്വവും അതുല്യതയും തുച്ഛീകരിക്കാതെ തന്നെ ജീവനോടിരിക്കുന്ന വിശ്വാസികൾ അന്യോന്യം പ്രാർത്ഥന യാചിക്കുന്നതുപോലെ ഈ ലോകം വിട്ടുപോയ വിശുദ്ധരോട് പ്രാർത്ഥന യാചിക്കുകയും അന്യോന്യം പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യുന്ന പാരമ്പര്യം ഓർത്തഡോക്സ് സഭയിലുണ്ട്. ജീവനുള്ളവർക്കു വേണ്ടിയും മരിച്ചവർക്കു വേണ്ടിയും മദ്ധ്യസ്ഥത യാചിക്കുന്നത് ആദിമനൂററാണ്ടു മുതൽത്തന്നെ സഭയുടെ പതിവാണ്. മററൊരാൾക്കു വേണ്ടി പ്രാർത്ഥിക്കുന്നത് നമ്മുടെ ധർമ്മമാണ്. പ്രതിഫലം കൊടുക്കുന്നത് ദൈവമാണ്. ആരാധന ബലിയാണ്. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയുമാണ്. ഒന്നുവച്ചാൽ രണ്ടു കിട്ടുന്ന മുച്ചീട്ടുകളിയോ ചൂണ്ടലിൽ ഇരയിട്ടു വലിയ മീൻ പിടിക്കുന്ന പ്രക്രിയയോ അല്ല. യഥാർത്ഥ പ്രാർത്ഥന ലാഭം ലക്ഷ്യമാക്കിയുള്ളതല്ല (not pragmatic) സ്വയം ഇല്ലാതാകലും ദൈവത്തിൽ അലിഞ്ഞുചേരലുമാണ്. ഈ ലോകത്തിൽ തിന്മയിൽ മുഴുകി ജീവിച്ച ആൾക്കുവേണ്ടി ദൈവത്തോട് ശുപാർശ ചെയ്യുന്ന പ്രാർത്ഥന എന്തിന് എന്നു ചിലർ കളിയാക്കി ചോദിക്കാറുണ്ട്. പ്രാർത്ഥന എന്താണെന്ന് മനസ്സിലാക്കുന്നവർ ഇപ്രകാരം ചോദിക്കുകയില്ല. ആരാധന പ്രാണവായുവാണ്.

മററൊരാൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതും പ്രാർത്ഥന യാചിക്കുന്നതും നമ്മുടെ ധർമ്മമാണ്. പ്രതിഫലം ദൈവയിഷ്ടവും കൃപയുമാണ്. തൻെറ മാനദണ്ഡങ്ങൾക്കനുസരിച്ചേ ദൈവം പ്രവർത്തിക്കാവൂ എന്ന് മനുഷ്യൻ വാശിപിടിക്കുന്നത് ശരിയല്ലല്ലോ.

മരിച്ചവർക്കു വേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു വന്ന യഹൂദ രീതി ആദിമസഭയും പിന്തുടർന്നു വന്നു. ഓർത്തഡോക്സ് സഭകളും ഇത്തരം അനുഷ്ഠാനങ്ങൾ ശീലിച്ചു വരുന്നു. 2 മക്കാ: 12:44, 45 'എന്നാൽ ദൈവഭക്തിയോടെ നിത്യ നിദ്രപ്രാപിച്ചവർക്ക് ഒരുക്കിയിരിക്കുന്ന മഹനീയസ്ഥാനത്തെക്കുറിച്ച് അയാൾ പ്രത്യാശ പുലർത്തിയെങ്കിൽ അത് വിശുദ്ധവും ഭക്തിപൂർണ്ണവുമായ ഒരു ചിന്തയാണ്. തന്മൂലം മരിച്ചവർക്ക് പാപപരിഹാര കർമ്മം അയാൾ അനുഷ്ഠിച്ചു'. (ബൈബിളിൻെറ പ്രോട്ടസ്ററൻറ് എഡിഷനുകളിൽ മക്കാബിയ പുസ്തകം ഉൾപ്പെടുത്തിയിട്ടില്ല).

**സഭയും ബൈബിളും പാരമ്പര്യങ്ങളും**

ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങളാണ് ക്രിസ്തീയ സഭയ്ക്ക് ഉള്ളത്. ബൈബിൾ ഉണ്ടായിട്ട് സഭ സ്ഥാപിക്കപ്പെടുകയല്ല ചെയ്തത്. സഭയുടെ ലിഖിത പാരമ്പര്യത്തിൽപ്പെട്ടതാണ് വി. വേദപുസ്തകം. ആദിമ സഭയിൽ പുതിയനിയമ സന്ദേശങ്ങൾ വാമൊഴിയായി മാത്രം പ്രചരിച്ചു. ക്രിസ്തു ഗ്രന്ഥങ്ങളെഴുതിയില്ല. എന്തെങ്കിലും എഴുതി വയ്ക്കണമെന്ന് ശിഷ്യരോട് പറഞ്ഞതുമില്ല. ക്രിസ്തുവും അപ്പോസ്തോലന്മാരും അന്ന് നിലവിലിരുന്ന ന്യായപ്രമാണ പുസ്തകം ഉപയോഗിക്കുകയുണ്ടായി. നീക്കുവാനല്ല നിവർത്തിക്കുവനത്രെ താൻ വന്നത് എന്നു പഠിപ്പിക്കുകയും ചെയ്തു. അപ്പോസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളായും സമൂഹത്തിൻെറ വിശ്വാസസംഹിതയായും വേദോപദേശസഹായികളായും ആരാധനാരൂപങ്ങളായും യേശുവിൻെറ ഉപദേശങ്ങളും പ്രവർത്തനങ്ങളും കാലക്രമേണ ചിത്രീകരിക്കപ്പെട്ടു. വാമൊഴിയായും വരമൊഴിയായും സഭാ പാരമ്പര്യങ്ങൾ രൂപമെടുത്തു.

ആദിമ സഭയിലെ വിശ്വാസ ബോധ പരിശ്രമങ്ങളിൽ സഹായിച്ചത് താഴെപ്പറയുന്ന കാര്യങ്ങളാണ്:

1. വിശ്വാസ പഠിതാക്കൾക്കുള്ള നിർദ്ദേശങ്ങൾ (Catachetical Instructions)

2. വിപരീതോപദേശങ്ങൾക്കെതിരേയുള്ള കൃതികൾ (Anti-heretical writings)



3. സഭാവിശ്വാസ സംരക്ഷണാർത്ഥം രൂപപ്പെട്ട കൃതികൾ (Apologetic writings)

4. ആരാധനാ രൂപങ്ങൾ (Liturgical Forms)

5. പ്രതീകങ്ങളും നിറക്കൂട്ടുകളും ചിത്രകലയും (Signs, Colours and Symbolic Art)

ഇപ്രകാരം വാമൊഴിയായും വരമൊഴിയായും ആചാരനുഷ്ഠാനങ്ങളായും ഉരുത്തിരിഞ്ഞു വന്ന സഭാ പാരമ്പര്യങ്ങളിൽപ്പെട്ട പ്രധാനവും അതുല്യവുമായ ഘടകങ്ങളാണ് പുതിയനിയമ പുസ്തകങ്ങളായി ഇന്നു നാം അറിയുന്ന കൃതികൾ ഇത്ര പുസ്തകങ്ങളാണ് പുതിയ നിയമത്തിലുള്ളതെന്ന് പൊതു സുന്നഹദോസുകൾ ഒന്നും തന്നെ നിർവ്വചിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ സാധാരണയായി കാണുന്ന ഇരുപത്തിയേഴു പുസ്തകങ്ങളുടെ ലിസ്ററിൽപ്പെടാത്ത ആദിമ സഭാ കൃതികൾ അപ്രധാനങ്ങളാണെന്നോ പുതിയനിയമ പുസ്തകങ്ങൾ പോലെ പരിഗണിക്കപ്പെടേണ്ടതില്ലെന്നോ അർത്ഥമില്ല. ആദിമസഭയിൽ തുല്യപ്രാധാന്യത്തോടെ പ്രാദേശിക സഭയിൽ വായിച്ചിരുന്ന പല കൃതികളും ഓർത്തഡോക്സ് സഭ പ്രധാനപ്പെട്ടതായി കാണുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഇന്നത്തെ സഭയുടെ പല ആചാര രീതികളും ആദിമ സഭയിലും നിലവിലിരുന്നു എന്നും അവ അർത്ഥവത്താണെന്നും ഈ കൃതികളിൽ നിന്നും വ്യക്തമാകുന്നു. ഉദാ: കിഴക്കോട്ടു തിരിഞ്ഞ് പ്രാർത്ഥിക്കുക, വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും ഭൗതികാവശിഷ്ടങ്ങൾ ബഹുമാനിച്ച് വണങ്ങുക, ദീപങ്ങൾ കത്തിച്ച് പ്രാർത്ഥിക്കുക, ഒരു വിശുദ്ധൻെറ ചരമദിനം പെരുന്നാളായി ആഘോഷിക്കുക, കുരിശ്, ഐക്കൺ, കൊടി തുടങ്ങിയ പ്രതീകങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുക, കുരിശ് വരയ്ക്കുക, നേർച്ച കാഴ്ചകൾ സമർപ്പിക്കുക മുതലായവ.

'ഞങ്ങളോടു പ്രാപിച്ച പാരമ്പര്യങ്ങളേയും' (2 തെസ്സ: 3:6) 'ഞാൻ നിങ്ങളെ പഠിപ്പിച്ച പാരമ്പര്യങ്ങളെയും' (1 കൊരി: 11:2) മുറുകെപ്പിടിച്ചു കൊള്ളേണം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. മേലുദ്ധരിച്ച വാക്യങ്ങളിൽ പ്രമാണം എന്ന മലയാള പരിഭാഷ ശരിയല്ല. 'പാരാഡോസിസ്' എന്ന ഗ്രീക്ക് വാക്കിന് 'കൈമാറി ലഭിച്ച പാരമ്പര്യം' എന്നാണർത്ഥം (Paradosis).

**സഭയുടെ ആരാധനാ ജീവിതവും പ്രതീകങ്ങളും**

യേശുക്രിസ്തുവിൻെറ വീണ്ടെടുപ്പു പദ്ധതിയിൽ മൂർത്ത വസ്തുക്കൾക്കും (matter) കർമ്മാനുഷ്ഠാനങ്ങൾക്കും (rituals) സ്ഥാനമുണ്ട്. മനു

ഷ്യർ തമ്മിലുള്ള സമ്പർക്കത്തിനും സംസർഗ്ഗത്തിനും പഞ്ചേന്ദ്രിയങ്ങൾ സഹായിക്കുന്നു. ദൈവവുമായുള്ള സമ്പർക്കം അഥവാ ആരാധനയ്ക്ക് പഞ്ചേന്ദ്രിയങ്ങൾ സഹായകരങ്ങളായിത്തീരുന്നു. ബോധതലത്തിന്റെ മാത്രം രൂപാന്തരമല്ല. മനുഷ്യമനസ്സിന്റെ എല്ലാ തലങ്ങളുടെയും രൂപാന്തരമാണ് ആരാധനയിൽ സംഭവിക്കുന്നത്. ദൈവത്തോടുള്ള ഭക്തിപ്രകടനം കേവലം വാക്കിൽ ഒതുക്കാനാവില്ല. ക്രിസ്തീയാരാധനയിൽ ആദിമുതലേ പ്രതീകങ്ങൾ (Symbols) ഉപയോഗിച്ചുവരുന്നു. ചിത്രകല, കുരിശ്, ഐക്കണുകൾ ഇവ ഉദാഹരണം. സ്വർഗ്ഗീയ രഹസ്യ അറയിലേക്ക് പ്രവേശിക്കുന്ന വാതായനങ്ങളായി ഇത്തരം ദൃശ്യമാധ്യമ വസ്തുക്കളെ ഓർത്തഡോക്സ് സഭ ഉപയോഗപ്പെടുത്തുന്നു. ഇവയോടു കാണിക്കുന്ന വണക്കവും ബഹുമാനവും (Veneration) ബിംബാരാധനയല്ല (idolatry). അത് ബിംബാരാധനയാകാതിരിക്കാനുള്ള കർശന നിർദ്ദേശങ്ങൾ സഭ വിശ്വാസികൾക്കു കൊടുക്കാറുണ്ട്. ഓർത്തഡോക്സ് സഭയുടെ ആരാധനയിൽ സംഗീതം, വർണ്ണം, ഗന്ധം, ചേഷ്ടകൾ, ക്രിയകൾ, നില്പ്, മുട്ടുകുത്തൽ, ഉപവാസം, നോമ്പ് തുടങ്ങിയവയെല്ലാം ദൈവസംസർഗ്ഗത്തിന് സഹായകരമായി ഉപയോഗപ്പെടുത്തുന്നു. ദീപവും ധൂപവും കലാരൂപങ്ങളും ചിത്രങ്ങളും മററും ആരാധനയിലൂടെയുള്ള വിശ്വാസിയുടെ രൂപാന്തരത്തിന് സഹായകരമായിത്തീരുന്നു. കൂടാതെ ഓരോ വ്യക്തിക്കും തന്നിഷ്ടംപോലെ സ്വന്തമായി വേദവാക്യങ്ങൾ വ്യാഖ്യാനിക്കുവാനും ആരാധനാ ക്രമങ്ങൾ പരിഷ്കരിക്കുവാനും സഭ അനുവാദം കൊടുക്കാറില്ല. വാങ്ങിപ്പോയവരുടെ സംസർഗ്ഗം ആരാധനയുടെ അവിഭാജ്യ ഘടകമായി ഓർത്തഡോക്സ് സഭകൾ കരുതുന്നു.

സഭാ പാരമ്പര്യത്തിന്റെ കേന്ദ്രബിന്ദുവും അടിസ്ഥാനവും യേശുക്രിസ്തു തന്നെയാണ്. ക്രിസ്തുവിനു കൊടുക്കേണ്ട സ്ഥാനം പരിശുദ്ധന്മാർക്കു കൊടുക്കുവാൻ പാടില്ലായെന്നും ആചാരനുഷ്ഠാനങ്ങൾ കേവലം ചടങ്ങായി തീരരുതെന്നും 'നിങ്ങൾ ഇപ്രകാരം ചെയ്യുവീൻ' എന്ന കർത്താവിന്റെ കല്പന ആരാധനയുടെ മകുടമായ വിശുദ്ധ കുർബാനയിലൂടെ അനസ്യൂതം തുടരണമെന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നുണ്ട്.

**സഭയുടെ കൂദാശകൾ**

സഭയുടെ കൂദാശകളെ ഓർത്തഡോക്സ് പാരമ്പര്യം ദർശിക്കുന്നത് ദൈവത്തിന്റെ രക്ഷാകരമായ ശക്തിയും കൃപയും മനുഷ്യനിൽ നിഗൂഢമായി പ്രവർത്തിക്കുന്ന വിശുദ്ധ കർമ്മങ്ങളായിട്ടാണ്. നിർവ്വചനാതീതവും രഹസ്യാത്മകവുമായ രീതിയിലാണ് ആത്മീയ കൃപകൾ ബാഹ്യവും വസ്തുമയവുമായ മുഖാന്തരങ്ങളിൽ കൂടി വിശ്വാസിയ്ക്ക് അനുഭവമാകുന്നത്. വി. മാമോദീസായിൽ കൂടി വീണ്ടും ജനനം പ്രാപിക്കുകയുംപാപമോചനം പ്രാപിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ വേണ്ടി വി. കുർബാന അനുഭവിക്കുന്നു. പരിശുദ്ധാത്മാവിന്റെ പൂർണ്ണതയ്ക്കു വേണ്ടിയുള്ള വി. മൂറോൻ അഭിഷേകം പ്രാപിക്കുന്നു. സഭാ ശുശ്രൂഷയ്ക്ക് അധികാരം ലഭിപ്പാൻ അപ്പോസ്തോലിക പിന്തുടർച്ചയിലൂടെ ക്രിസ്തുവിൽ നിന്ന് അധികാരം ലഭിക്കണം. മേല്പട്ടക്കാരൻ, പട്ടക്കാരൻ, ശെമ്മാശൻ എന്നിങ്ങനെ ത്രിവിധ സ്ഥാനികൾ സഭയിലുണ്ട്. കർത്താവിന്റെ പ്രതിനിധികളാൽ വിവാഹ ശുശ്രൂഷ നടത്തപ്പെടുന്നു. രോഗസൗഖ്യത്തിനുള്ള തൈലാഭിഷേകം നടത്തുന്നു. കൂദാശകളെ 'സഭയുടെ രഹസ്യങ്ങൾ' എന്നു വിളിക്കുന്ന ഓർത്തഡോക്സ് സഭകൾ കൂദാശകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല.

പുരോഹിതന്റെ മുമ്പാകെയുള്ള രഹസ്യകുമ്പസാരവും പിഴകൾക്കു പ്രായശ്ചിത്തവും ഓർത്തഡോക്സ് സഭകൾ നിഷ്കർഷിക്കുന്നു. പാപങ്ങൾ മോചിക്കുവാനുള്ള അധികാരം ക്രിസ്തു അപ്പോസ്തോലന്മാർക്ക് കൊടുത്തു (യോഹ: 20:23). ഇത് അപ്പോസ്തോലന്മാരാൽ കൈവയ്പിലൂടെ നിയോഗിക്കപ്പെട്ടവർക്കു കൈമാറി ലഭിച്ചു എന്ന് സഭ വിശ്വസിച്ച് അതിന്റെ ക്രമീകരണമായ കുമ്പസാരം സഭയിൽ ഏർപ്പെടുത്തിയിരിക്കുന്നു. സഭ അപ്പോസ്തോലികമായിരിക്കുന്നത് അപ്പോസ്തോലന്മാർക്കു ലഭിച്ച പാപമോചനാധികാരം ഉൾക്കൊള്ളുന്നതു വഴിയും അപ്പോസ്തോലിക കൈവയ്പ് നിലനിർത്തുന്നതു വഴിയും അവർ നിർവ്വഹിച്ച പ്രേഷിത ദൗത്യംനിർവ്വഹിക്കുന്നതു വഴിയുമാണെന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. മാമോദീസാ, മൂറോനഭിഷേകം, കുർബാന ഇവ ഒരുമിച്ച് അനുഷ്ഠിക്കുന്ന ആചാരക്രമമാണ് ഓർത്തഡോക്സ് സഭകളിലുള്ളത്. വിശ്വാസബോധന പരിശ്രമങ്ങൾ ചെറുപ്രായത്തിൽത്തന്നെ ബാലികാ-ബാലന്മാർക്കു വേണ്ടി നടത്തണമെന്ന നിഷ്ക്കർഷയുമുണ്ട്.

കൊരിന്തിലെ സഭയെ ജനിപ്പിച്ച ആത്മീയ പിതാവാണ് താനെന്ന് വി. പൗലോസ് പറയുന്നതു പോലെ (1 കൊരി: 4:15) മാമ്മോദീസാ കർമ്മം നടത്തുന്ന പുരോഹിതനെ പിതാവ് അഥവാ ഫാദർ എന്നാണ് ഓർത്തഡോക്സ് സഭകളിൽ സംബോധന ചെയ്യുന്നത്. 'നിങ്ങൾ ഭൂമിയിൽ ആരേയും

പിതാവെന്നു വിളിക്കരുത്. എന്ന വചനത്തിൽ (മത്തായി 23:9) ആക്ഷരികമായ വ്യാഖ്യാനമാണ് യേശുക്രിസ്തു ഉദ്ദേശിച്ചിരുന്നതെങ്കിൽ തന്റെ സ്വന്തം വാക്കുകളിലും സുവിശേഷകന്മാരുടെയും അപ്പോസ്തോലന്മാരുടെയും വാക്കുകളിലും പിതാവ് എന്ന് മനുഷ്യർക്കു വേണ്ടി ഉപയോഗിക്കുന്ന ഒററ സംഭവം പോലും ഉണ്ടാകുമായിരുന്നില്ല. (പിതാവ് എന്ന പദം മനുഷ്യർക്ക് ഉപയോഗിക്കുന്ന താഴെപ്പറയുന്ന വാക്യങ്ങൾ പരിശോധിക്കുക. മത്താ: 4:21. 22, 10:21. 35. 37. 15:4. ലൂക്കോസ് 11:11. 15:18. അ. പ്ര: 7:2. റോമ: 4:16 യാക്കോ: 2:21). ഗുരു. യജമാനൻ എന്നീ പദങ്ങൾക്കും വിലക്കുണ്ടായിട്ടും ഇവയും അപ്പോസ്തോലന്മാർ സ്വയമായിട്ടും മനുഷ്യർക്കു മാത്രമായും ഉപയോഗിക്കുന്നുണ്ട്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്ഥാനമോ ക്രിസ്തുവിന്റെ സ്ഥാനമോ അവകാശപ്പെടുന്ന ഭൂമിയിലെ ഒരു പിതാവും ഗുരുവും യജമാനനും ഉണ്ടാകരുതെന്നാണ് വിവക്ഷ.

## ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ ചില സവിശേഷതകൾ

ദൈവശക്തിയിൽ നിന്നും ഇച്ഛയിൽ നിന്നും ജ്ഞാനത്തിൽ നിന്നും ഉളവായതാണ് വസ്തു പ്രപഞ്ചം. ഭൗതിക



വസ്തു അതിൽത്തന്നെ തിന്മയല്ല. ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാപദ്ധതിയിലും വസ്തുവിനും പ്രപഞ്ചത്തിനും പങ്കാളിത്തമുണ്ട്. വസ്തു, ജഡം, ശരീരം, ലോകം, പ്രപഞ്ചം ഇവയെ തരംതാഴ്ത്തിക്കാണിക്കാതെ 'വചനം ജഡമായിത്തീർന്ന' ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ ഉയർത്തിക്കാണിക്കുന്നത് ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ സവിശേഷതയാണ്. സഭയുടെ കൗദാശിക ജീവിതത്തിന് ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഉയർന്ന സ്ഥാനം നൽകപ്പെടുന്നു സർവ്വസൃഷ്ടിയുടെയും ആത്മീയ പുനർജനനത്തിന്റെ വശത്തിനും ഓർത്തഡോക്സ് വേദശാസ്ത്രം പ്രാധാന്യം കൊടുക്കുന്നു. മനുഷ്യനേയും അവന്റെ മഹത്വത്തേയും സ്വാതന്ത്ര്യത്തേയും വിലമതിക്കുന്നു. ദൈവത്തിന്റെ സത്തയിലുള്ള മനുഷ്യന്റെ പങ്കാളിത്തവും ദൈവിക സാദൃശത്തിലേക്കുള്ള അവന്റെ രൂപാന്തരവും പ്രഘോഷിക്കുന്ന രക്ഷയുടെ ദൈവസാദൃശവീക്ഷണം (Image of God view of Salvation and Divinization) ഓർത്തഡോക്സ് സഭ പുലർത്തുന്നു. ദൈവദത്തമായ സ്വാതന്ത്ര്യത്തോടെ ദൈവകൃപ സ്വീകരിച്ച് ഇച്ഛാശക്തിയാൽ നന്മയും തിന്മയും വേർതിരിച്ചറിഞ്ഞ് ദൈവസ്വരൂപത്തിന്റെ പൂർണ്ണതയിലേക്കു വളരുന്ന മനുഷ്യന്റെ



ദൈവീകരണ പ്രക്രിയയെപ്പററി ഓർത്തഡോക്സ് പാരമ്പര്യം ഉദ്ഘോഷിക്കുന്നു.

സഭയുടെ പശ്ചാത്തലത്തിലും സഭാംഗമെന്ന നിലയിലുമാണ് ഒരു വിശ്വാസി രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നത്. വ്യക്തിപരമായ വിശുദ്ധിയും രക്ഷയും അവഗണിക്കാതെ തന്നെ ചരിത്രത്തിൽ നിലനിൽക്കുന്ന സമൂഹവും ലോകവും രക്ഷയുടെ പൂർണ്ണതയിലേക്ക് വളർന്ന് ദൈവരാജ്യം അനുഭവമാക്കണം. ഈ ലോകത്തിൽ തന്നെ ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് മനുഷ്യരെ ആനയിക്കുവാൻ സാമൂഹികവും ഘടനാപരവുമായ തിന്മകളോട് പോരാടുക എന്നതും സഭയുടെ ധർമ്മമാണ്.

## എക്യുമെനിസം ഓർത്തഡോക്സ് സഭാവീക്ഷണത്തിൽ

'ഒയ്ക്കുമെനെ' എന്ന ഗ്രീക്കു പദത്തിന് 'മനുഷ്യൻ അധിവസിക്കുന്ന ഭൂമി മുഴുവനും' (the whole inhabited earth) എന്നാണല്ലോ അർത്ഥം. ക്രിസ്തീയ പശ്ചാത്തലത്തിൽ ഈ പദം ഉപയോഗിക്കുമ്പോൾ സഭകളുടെ ഐക്യവും പൂർണ്ണതയും ലക്ഷ്യമാക്കുന്നു. ദൃശ്യ സഭയുടെയും അദൃശ്യ സഭയുടെയും സജീവ കൂട്ടായ്മയിൽ വിശ്വസിക്കുന്ന ഓർ



ത്തഡോക്സ് സഭകൾക്ക് എക്യുമെനിസം കേവലം ജീവനോടിരിക്കുന്നവരുടെ കൂട്ടായ്മയിൽ ഒതുക്കുവാൻ സാദ്ധ്യമല്ല. ഭൂതകാല. വർത്തമാനകാല. ഭാവികാല വിശ്വാസികളുടെ കൂട്ടായ്മയാണ് യഥാർത്ഥ എക്യുമെനിസം. സഭയുടെ അദൃശ്യ ഭാഗവുമായുള്ള വിശ്വാസ കൂട്ടായ്മയാണത്. സഭയുടെ പൂർണ്ണസമയ. കാല. ചരിത്രങ്ങൾക്കതീതമാണ് വിശ്വാസികൾ ഐക്യം സൃഷ്ടിക്കുകയല്ല. മറിച്ച് ദൃശ്യ സഭയുടെയും അദൃശ്യ സഭയുടെയും ഐക്യം സ്വീകരിച്ച് ആ സംസർഗ്ഗത്തിൽ പങ്കുചേരുകയാണ് യഥാർത്ഥ എക്യുമെനിസം. (The members do not create unity, but receive the unity and participate in it). ചരിത്രത്തിൽ ഇന്നു കാണുന്ന ദൃശ്യസഭ യഥാർത്ഥ സഭയുടെ ഒരു ചെറിയ ഭാഗം മാത്രമാണെന്നത് മറക്കാനാവില്ല. കുറെപ്പേർ ഒരുമിച്ചുകൂടി വന്ന് കുറെ തത്വങ്ങൾ എഴുതിയുണ്ടാക്കുന്നതല്ല. വിശ്വാസത്തിലും ആരാധനയിലും സാക്ഷ്യത്തിലും ശുശ്രൂഷയിലും മദ്ധ്യസ്ഥതയിലും ഒന്നുചേർന്ന് ജീവിക്കുന്ന അനുഭവമാണ് യഥാർത്ഥ എക്യുമെനിസം.

ഇന്നത്തെ എക്യുമെനിക്കൽ സംരംഭങ്ങൾ ഇത്തരം പൂർണ്ണ ഐക്യത്തിലേക്ക് നയിക്കുമെന്ന് ഓർത്തഡോക്സ് സഭകൾ പ്രത്യാശിക്കുന്നു. അതിനു

വേണ്ടി പ്രയത്നിക്കുന്നു. പരസ്പരം ബഹുമാനത്തോടെ ഇടപെടുവാനും അനുഭവങ്ങളുടെയും ആദ്ധ്യാത്മിക ജീവിതത്തിന്റെയും പങ്കിടൽ, ഡയലോഗ്, അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ചുള്ള തുറന്നചർച്ച ഒരുമിച്ച് പ്രവർത്തിക്കാവുന്ന മേഖലകളിലെ കൂട്ടായ പ്രവർത്തനം, നീതിയുക്തമായ ഒരു സാമൂഹിക സാമ്പത്തിക ക്രമത്തിനു വേണ്ടിയുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഇവയിൽ മുന്നേറുവാനും ഓർത്തഡോക്സ് സഭകൾ നിഷ്ക്കർഷിക്കുന്നു. കൂദാശകളുടെ അനുഷ്ഠാനവും മററ് ആചാരക്രമങ്ങളും മുറുകെപ്പിടിക്കുന്നതോടൊപ്പം സുവിശേഷ, ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഉത്സുകരാകണമെന്ന് സഭ പഠിപ്പിക്കുന്നു. പ്രപഞ്ചത്തിന്റെയും സമൂഹത്തിന്റെയും ആനുകാലിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും തരണം ചെയ്യുവാനും തക്കവണ്ണം സഭാ പാരമ്പര്യങ്ങൾ ചലനാത്മകം (dynamic) ആകണമെന്നും സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്.

# The Co-existence of St. Thomas Christians and Hindus in India for 20 Centuries

**Dr. Geevarghese Mar Osthathios Metropolitan**

In the words of Fr. Bede Griffiths, ' It may be said that here in Kerala there is a kind of cricible in which the church in India is being tested. Christianity is stronger here than in any other part of India.'' I further more, it is Ninety percentage literate and there is secular studies on the Kerala Model of Development in various fronts. Christians are less than 25% of the total population and they have had hardly any religious conflict/s with their Hindu or Muslim neighbours who constitute the majority in most of the revanue districts.

There is no need of arguing about the historicity of the claim that St. Thomas, the Apostle came to Kerala in 52 A.D. Though the Holy Bible doesnot mention that St.Peter went to Rome, historians in majority do not question it. The same is the case of St.Thomas, the apostle of India. What is amazing is that Christians were not only tolerated by the Hindus but also helped by the Hindu rilers who considered Christians as trustworthy, patriotic, helpful and morally elite. As a recognition of the same a Hindu King of Kerala gave the Christians 72 privileges and rights, none of which was given to the Dalits of those days. As St. Thomas Christians were honest and hardworking they were given to the custodianship of responsible portfolios like weights and measurment.

Inculturation was practised by Christians as they adopted the neighbouring people's culture and participated in their FESTIVALS, wedding ceremonies etc. and at the same not emulating all their religious symbols in toto. The wedding emblem of *Thali* worn in a thread around the neck by the bride at the time of wedding ceremony was baptized and Christianized by Christians by putting small golden cross on it and converting thali to *minnu* (*mangalyasutra*). Similarly, the architecture of the Churchitecture of the Church had much in common with that of Temples and yet angels substituted the Hindu pantheon. There was symbolic participation in the festivals of Hindu *ULSAVAS* by Christians and many Hindus participated with devotion in Church Festivals (perunal). The commonality of religious practices (*Sampradaya*) was a natural inculturation and so modern stress on it by Christian missionaries is not a pressing need in Kerala.

Similarly, barefooted entry into the Churches, imitation of incense of Hindu pooja utensils for Eucharisic celebrations, combaining priestly vestaments of Aaron in Leviticans are all practised by the Malankara Orthodox and Mar Thoma and so other Churches. Thus Priesthood was integrated to the grassroot levels of local people. The ancient music before the coming of western missionaries to Kerala was Dravidian in origin and Tamil was the language.

## Westernization

The indegenous ancient Church was westernized first by Archbishop Meneses in the Synod of Diamper in 1599 A.D. He tried to bring the whole Malankara Church under the yoke of the Pope, but the spontaneous reaction culminated in overthrowing of the Portugese suppression at the historic proclamation of liberty. holding the rope tied to the Cross at Mattanchery, Cochin in 1653 A.D. (*Coonen Cross*). The connection with the West Syrian

Church which started in 1665 slowly established an ecclesial authority from 1876 till 1912, when the Catholicate was established at Niranam Church. C.M.S. Missionaries were invited to start a theological school in Old Seminary, Kottayam in 1815 and though their help of mercy gave us education and Malayalam Bible, Westernization continued in language, culture and theology, which further alienated the ancient church of Kerala from our Hindu culture and language. Eventhough Gospel and culture are inseparable, there is a universal Gospel of selfless love and sharing which become secondary and culture became predominant.

What is happening in Africa is Africanization to counteract Westernization. India must develop the Indian Church with an Eastern theology and universal sharing ethics and theology in the Indian language and culture to put a stop to the selfish Capitalistic ethos that the west is still imperting to India, which is conditioning the churches also as a consumer-oriented society. The so-called Kerala Model of Development which the Western researchers appreciate is partly the result of the work-ethics and concern for others that the Kerala Churches practised in Kerala as well as the enterprising educated youth that went in search of jobs in Persian countries and elsehere to send the sweat of their labour to Kerala. Kerala is an over-populated small state in the southern most corner of India and there is hardly any area unoccupied to start any major Industry as in other states. Kerala's main exports are tea, rubber cardamon and hard-working youth. Hindu girls are also educated but they did not choose Nursing profession as a career and so they are comparatively less in Persia USA, Canada etc. One advantage of Western English education was that it opened doorfor the educated youth to graze in green pastures in the West, but they did not become spiritually very rich or missionary-minded.

[continued]





# വൃദ്ധ മന്ദിരങ്ങൾക്ക് സുവർണ്ണ കാലം

തോമസ് നീലാർമഠം

കേരളത്തിൽ വൃദ്ധമന്ദിരങ്ങൾ വർദ്ധിച്ചുവരുകയാണ്. ആദ്യകാലങ്ങളിൽ ദേവാലയങ്ങളുടെയും ആശ്രമപ്രസ്ഥാനങ്ങളുടേയും ചാരിററബിൾ സംഘടനകളുടെയും ആഭിമുഖ്യത്തിൽ അഗതികൾക്കും ആലംബഹീനർക്കും വേണ്ടിയായിരുന്നു വൃദ്ധസദനങ്ങൾ ആരംഭിച്ചിരുന്നത്. ഇന്ന് ഇത്തരം പ്രസ്ഥാനങ്ങൾ കച്ചവടസ്ഥാപനങ്ങളായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ സംസ്കാരത്തിന്റെ വിഴുപ്പു ഭാണ്ഡങ്ങൾ കേരളത്തിൽ അടിഞ്ഞു കൂടിക്കൊണ്ടിരിക്കുകയാണല്ലോ. അക്കൂട്ടത്തിൽ കേരളീയരുടെ ആർദ്രവികാരങ്ങൾ മരവിച്ചു കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണിത്.

വിദേശരാജ്യങ്ങളിൽ കുടുംബസമേതം താമസിക്കുന്ന മക്കൾക്ക് മാതാപിതാക്കളെ സംരക്ഷിക്കാനും ശുശ്രൂഷിക്കാനും സന്മനസ്സില്ല എന്ന മനോഭാവമാണ് ഇവിടെയും വൃദ്ധമന്ദിരങ്ങൾ കൂണുപോലെ മുളച്ചു പൊങ്ങുന്നതിന് കാരണം. കേരളത്തിലെ ക്രൈസ്തവരുടെയിടയിലാണ് ഈ പ്രവണത വളരെ കൂടുതലുള്ളത്. ഈ അടുത്ത കാലം വരെ മക്കളെ തങ്ങളുടെ മാതാപിതാക്കളോടൊപ്പം താമസിപ്പിച്ച് പഠിപ്പിക്കുന്ന ഒരു രീതിയായിരുന്നു വിദേശത്തുള്ള ദമ്പതികൾ അവലംബിച്ചു കൊണ്ടിരുന്നത്. പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ കുട്ടികളെ ഹോസ്ററലിൽ ചേർക്കുന്നതിനേക്കാൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം താമസിപ്പിക്കുന്നതിനാണ് താല്പര്യം കാണിച്ചു കൊണ്ടിരുന്നത്. ഇന്ന് ആ സ്ഥിതി മാറി. വല്യപ്പച്ചനും വല്യമ്മച്ചിയും പറയുന്നത് കേട്ട് ഒതുങ്ങിക്കൂടുന്നവരല്ലല്ലോ ഇന്നത്തെ കുട്ടികൾ. വിവേകത്തിന്റെയും വിവേചനത്തിന്റെയും അതിർവരമ്പുകൾ അതിലംഘിച്ച് അവർ കൗമാരത്തിന്റെ പ്രലോഭനങ്ങൾക്കു മുന്നിൽ വീണു തുടങ്ങിയപ്പോൾ പിഞ്ചിപ്പോയ

നിയന്ത്രണത്തിന്റെ ചരടുകൾ നോക്കി മുത്തച്ഛനും മുത്തശ്ശിയും നിസ്സഹായരായിട്ടിരിക്കാനെ നിർവ്വാഹമുണ്ടായിരുന്നുള്ളു. കേരളത്തിലെ കൗമാരം, വഴി തെറ്റിപ്പോകുന്നതിന് ഒരതിരോളം കാരണം മാതാപിതാക്കളുടെ സാമീപ്യം അവർക്കു അനുഭവിക്കാൻ കഴിയാതെ പോയതു കൊണ്ടാണ്. വളരെ ചെറുപ്പത്തിൽത്തന്നെ പുകവലിയും മദ്യപാനവും കൗമാരദശയിലുള്ള ആൺകുട്ടികൾ ഒരു ശീലമാക്കിത്തുടങ്ങി. ഏകാന്തതയും ശിക്ഷണത്തിന്റെ അഭാവവും പണം ധാരാളം കൈകാര്യം ചെയ്യാനുള്ള അവസരവും അവർക്കു ലഭിച്ചപ്പോൾ നൈമിഷിക സുഖങ്ങളുടെ നെരിപ്പോടുകളിലേക്ക് സ്വയം ആഹൂതി ചെയ്യാൻ അവർ സന്നദ്ധരായി. പെൺകുട്ടികളുടേയും സ്ഥിതി മറിച്ചായിരുന്നില്ല. പ്രേമബന്ധങ്ങളുടെ കുളിർമ്മയിലും ദേശാടനത്തിലും അവർ ആശ്വാസം കണ്ടെത്തി. ഓഡിയോ - വീഡിയോ കാസറ്റുകൾ പെൺകുട്ടികൾക്ക് അഭയമുദ്രകളായി മാറി ചുരുക്കത്തിൽ നമ്മുടെ ഒരിളം തലമുറ മഹാദുരന്തങ്ങളിലേക്ക് നടന്നു നീങ്ങുകയായിരുന്നു.

ഗൾഫ് മേഖലയിലെ ജോലി സാധ്യത കുറയുകയും അവിടെയുള്ള വിദേശികളുടെ ജീവിതത്തിൽ അനിശ്ചിതത്വം കരിനിഴൽ വീഴ്ത്തുകയും ചെയ്തപ്പോൾ പലരും മടങ്ങി വന്നത് കുട്ടികളുടെ ഭാവി ഭദ്രമാകുന്നതിന് ഒരു പരിധി വരെ സഹായകമായി. ജോലി സ്ഥലങ്ങളിൽ അത്യാവശ്യ സൗകര്യങ്ങൾ ലഭ്യമായവർ മക്കളോടൊപ്പം അവിടെ താമസമാക്കി.

രണ്ടാം ദുരന്തത്തിന്റെ കേളികൊട്ട് ഉയർന്നത് അവിടം മുതലാണ്. തങ്ങളുടെ കുട്ടികളുടെ പഠനസൗകര്യം നോക്കിയാണ് ജോലി സ്ഥലങ്ങളിൽ സ്ഥിരതാമസമാക്കിയതെ ന്നാണ് പലരുടെയും ന്യായവാദം. യഥാർത്ഥത്തിൽ അപ്പോൾ മാതാപിതാക്കൾ അനാഥരാകുകയായിരുന്നു. മാസത്തിലൊരിക്കൽ വരുന്ന ബാങ്ക്ഡ്രാഫ്റ്റും ആഴ്ചയിലൊരിക്കലുള്ള ഫോൺ കോളും കൊണ്ട് മാതാപിതാക്കൾക്കു തൃപ്തിപ്പെടേണ്ടി വന്നു.

ഇന്ന് വിദേശത്തുള്ള മക്കൾക്ക് മാതാപിതാക്കളെയോർത്ത് തല പുണ്ണാക്കേണ്ട കാര്യമില്ല. രണ്ടു ലക്ഷമോ മൂന്നു ലക്ഷമോ കൊടുത്ത് പട്ടണത്തിലുള്ള 'ഓൾഡ് ഏജ് ഹോമി'ൽ അവർക്കൊരു 'അഡ്മിഷൻ' വാങ്ങിക്കൊടുത്താൽ മതി, പ്രതിമാസം കൃത്യമായി വാടകയും! കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ കഷ്ടപ്പെട്ടും പട്ടിണി കിടന്നും മക്കളെ പഠിപ്പിച്ചു വലിയവരാക്കിയതിന് കൊടുക്കാവുന്ന ഏറ്റവും വലിയ പ്രതിഫലം. മക്കൾ ഫലം കായ്ച്ചു തുടങ്ങാറായപ്പോൾ അപ്പനേയുംഅമ്മയേയും നോക്കുന്നതിന് കൂലിക്ക് ആളിനെ ഏർപ്പാടു ചെയ്യുന്നു!





ഓൾഡ് ഏജ് ഹോമിന്റെ വാർഷികത്തിന് അറുപത് വയസ്സ് കഴിഞ്ഞ അപ്പൻ ക്രിക്കറ്റ് കളിക്കുന്നതും ട്രക്കിംഗ് നടത്തുന്നതും കാണാം അമ്മച്ചി ഹോം സയൻസിന്റെ ഡിപ്ലോമ പരീക്ഷയെഴുതുന്നതും ഓർക്കിഡ് പുഷ്പങ്ങൾ വളർത്തുന്നതും കാണാം. വൃദ്ധജനോത്സവത്തിന്റെ കാസറ്റ് മക്കൾക്ക് ഫ്രീയായിട്ട് അയച്ച് കൊടുക്കുന്നതാണല്ലോ. ആശങ്കകളില്ലാതെ വിദേശത്ത് കഴിയാം. കള്ളനോ ദുഷ്ടനോ വന്ന് കൊല്ലുമെന്ന് ഭയക്കേണ്ട. രോഗമോ ദുരിതമോ വന്ന് കഷ്ടപ്പെടുമോയെന്ന് പേടിക്കേണ്ട. എല്ലാ കാര്യങ്ങളും നോക്കി നടത്താൻ ധാരാളം ജോലിക്കാരും, ഒരേ പ്രായത്തിലുള്ള കൂട്ടുകാരും! ഇതല്ലേ സ്വർഗ്ഗം! അവർക്കു വേണ്ടി ചെയ്ത് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ ഉപകാരം!

അമേരിക്കയിലെ മക്കൾക്ക് മറ്റു ചില സുവർണ്ണാവസരങ്ങൾ കൂടി ചില മന്ദിരങ്ങളുടെ അധികൃതർ ചെയ്തു കൊടുക്കുന്നുണ്ട്. മാസം തോറും വരുന്ന ഡോളറിന്റെ എണ്ണം കൂട്ടിയയച്ചാൽ വൃദ്ധദമ്പതികളെ സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കും. മെഡിയും ടോപ്പും ധരിച്ച് നടക്കാൻ അമ്മച്ചിയെ പ്രാക്ടീസു ചെയ്യിക്കും. പട്ടണത്തിലെ ചുരിദാർ മേളയിൽ പങ്കെടുപ്പിക്കും. ബെർമുഡോ ധരിച്ച് ക്യാൻവാസ് ഷൂവുമിട്ട് അപ്പച്ചന്മാരെ കൊച്ചു സുന്ദരന്മാരാക്കും. ആഴ്ചയിലൊരിക്കൽ ബ്യൂട്ടി പാർലറിൽ കൊണ്ടുപോയി രണ്ടുപേരുടേയും മുടി കറുപ്പിക്കും. അമ്മച്ചിക്ക് ആവശ്യമെങ്കിൽ പുരികകൊടികൾ പ്ലക്ക് ചെയ്യിക്കാം. ചുണ്ടിൽ അല്പം ലിപ്സ്റ്റിക്ക് ഇടാം. നഖങ്ങളിൽ ക്യൂട്ടക്സിടാം, ഷഷ്ഠ്യപൂർത്തി കഴിഞ്ഞവർക്ക് ഡ്രൈവിംഗ് പരിശീലനവും ചിലർ കൊടുക്കുന്നുണ്ട്.

വിദേശ മലയാളികളേ വാഴ്ക! ഇതിൽ കൂടുതൽ നിങ്ങൾ എങ്ങനെയാണ് മാതാപിതാക്കളോട് നീതി പുലർത്തുന്നത് ഇല്ലേ? വൃദ്ധമന്ദിരങ്ങളിൽ അന്തിയുറങ്ങാൻ 'ഭാഗ്യം സിദ്ധിച്ച' വർക്ക് ഒരു ചെറിയ കൈയബദ്ധം പറ്റിപ്പോയി. മനുഷ്യക്കുഞ്ഞുങ്ങളാണെന്നു കരുതി ആത്മാവിന്റെ കറയൂറ്റി മുലപ്പാലാക്കി നൽകി. മുണ്ടു മുറുക്കിയുടുത്ത് വിശപ്പറിയിക്കാതെ വളർത്തി, കിടപ്പാടം പണയം വച്ച് പഠിപ്പിച്ചു.

നിങ്ങൾ വളർന്നപ്പോൾ മനുഷ്യന്റെ മണവും മഹത്വവും നിങ്ങളിൽ നിന്ന് വറ്റിപ്പോയത് അവരറിഞ്ഞില്ല. സൂക്ഷിക്കുക! നിങ്ങൾക്കു ശേഷവും ഒരു തലമുറ വളന്നു വരുന്നുണ്ട്. അറുപത് കഴിഞ്ഞവർക്കെല്ലാം നിർബന്ധിത ദയാവധമായിരിക്കാം അവർ കരുതി വച്ചിട്ടുണ്ടാവുക!


# BIBLE GAME-V

ബിജു വി.എം.

പേര് ..........................................................................

മേൽവിലാസം ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ... ...

വയസ് ........




Cut here

## ചോദ്യങ്ങൾ

വലത്തോട്ട്:

1 തന്റെ മാതാപിതാക്കളോടൊപ്പം യരുശലേം പള്ളിപ്പെരു
ന്നാളിന് പോകുമ്പോൾ യേശുവിന് എത്ര വയസ്സ്
ആയിരുന്നു?



2 "അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവനു നൽകി.
അവന്റെ അധരങ്ങളിലെ യാചന നിഷേധിച്ചതുമില്ല".
സങ്കീർത്തനം എത്രാം അദ്ധ്യായത്തിലാണ് ഈ വാക്യം?

3 ജലപ്രളയകാലത്ത് ഭൂമിയിൽ വെള്ളം 'പൊങ്ങിക്കൊണ്ടി
രുന്ന ആകെ ദിവസങ്ങൾ എത്ര?

5 ഏദനിലെ നദികൾ എത്ര?

6 സ്ത്രീകളുടെ പേരിൽ എത്ര പുസ്തകങ്ങൾ വേദപു
സ്തകത്തിൽ ഉണ്ട്?

7 യിസഹാക്ക് ജനിക്കുമ്പോൾ അബ്രഹാമിന് എത്ര
വയസായിരുന്നു?

8 കർത്താവിനെ ഒററിക്കൊടുത്തത് എത്ര വെള്ളിക്കാശിന്?

9 എത്രാം വയസിലാണ് യേശു തന്റെ പരസ്യ ശുശ്രൂഷ
ആരംഭിച്ചത്?

11 ആത്മാവിന്റെ ഫലങ്ങൾ എത്ര?

12 "ബുദ്ധിയുള്ളവർ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ;
അത് ഒരു മനുഷ്യന്റെ സംഖ്യയത്രേ" അതിന്റെ സംഖ്യ
എത്ര?

13 എഴുന്നേററു പ്രകാശിക്ക നിന്റെ പ്രകാശം വന്നിരി
ക്കുന്നു ;യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചി
രിക്കുന്നു. യശയ്യാവിന്റെ പുസ്തകത്തിൽ എത്രാം
അദ്ധ്യായത്തിലാണ് ഈ വാക്യം?

14 യിസ്രായേൽ മക്കൾ മിസ്രേയ്മിൽ പരദേശവാസം എത്ര
വർഷം?

15 അനുതാപത്തിന്റെ സങ്കീർത്തനം?

16 യാക്കോബിന് എത്ര പുത്രൻമാർ ഉണ്ടായിരുന്നു?

17 കാതോലിക്കേററ് പുനസ്ഥാപിച്ചത് ഏതു വർഷം?

18 പാർസി രാജ്യത്തിന്റെ പ്രഭു എത്ര ദിവസം ദാനിയേലി
നോട് എതിർത്തുനിന്നു?

19 യേശു കണ്ണുനീർ പൊഴിച്ചതായ് എത്ര സംഭവങ്ങൾ ഉണ്ട്
തിരുവചനത്തിൽ?

20 തൊട്ടടുത്ത ഏതെങ്കിലും കോളത്തിലെ ഉത്തരവുമായിട്ട്
ബന്ധംവരത്തക്ക രീതിയിലുള്ള ഒരു ചോദ്യവും ഉത്ത
രവും സ്വന്തമായി പൂരിപ്പിക്കുക.

താഴോട്ട്:

1 'പടകിന്റെ വലതുഭാഗത്തു വലവീശുവിൻ' എന്ന
കർത്താവിന്റെ വാക്കിന് വലയിറക്കിയപ്പോൾ ലഭിച്ച
മൽസ്യങ്ങൾ എത്ര?

3 മോശ മരിക്കുന്നത് എത്രാം വയസ്സിൽ?
4 യേശു ഏഴ് അപ്പംകൊണ്ട് എത്ര പുരുഷാരത്തെയാണ് പോഷിപ്പിച്ചത്?
5 യിസ്രായേൽ മക്കളുടെ മരുഭൂപ്രയാണം എത്ര വർഷം?
6 യാക്കോബ് ലാബാനെ എത്ര വർഷം സേവിച്ചു?
7 അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് 26 പ്രാവശ്യം പറഞ്ഞിട്ടുള്ള സങ്കീർത്തനം?
10 എബ്രായർ ഉൾപ്പെടെ വി: പൗലോസിന്റെ ലേഖനങ്ങൾ എത്ര?
11 തിരുവചനത്തിൽ ഏററവും പ്രായം കൂടിയ ആൾ എത്ര വർഷം ജീവിച്ചിരുന്നു?
14 അസാ രാജാവ് എത്ര വർഷം യഹൂദയെ ഭരിച്ചു?
15 സെന്റ് തോമസ് ഇന്ത്യയിൽ വന്ന വർഷം?

**നിർദ്ദേശങ്ങൾ:**

1) വിജയികളുടെ പേര് പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും ഒന്നും രണ്ടും വിജയികൾക്ക് സമ്മാനം നൽകുന്നതായിരിക്കും.
2) കൂടുതൽ ശരിയുത്തരങ്ങൾ ലഭിച്ചാൽ നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നതായിരിക്കും.
3) പൂരിപ്പിച്ച ഉത്തരങ്ങൾ ഓഗസ്ററ് 30-ാം തീയതിക്കകം താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുക.

ദൂതൻ C/o. ബിജു വി. എം.
സെന്റ് പോൾസ് എം. ടി. സി.
മാവേലിക്കര-3

**BIBLE GAME IV-ന്റെ**

സമ്മാനം:

ബിനു തോമസ്
പണിക്കാമുറിയിൽ
തേവൻകര, മല്ലപ്പള്ളി

കെ. ജോർജ്
പുത്തൻവീട്
മുതുകുളം



# സന്യാസം - അർത്ഥവും വ്യാപ്തിയും

ഫാദർ ജി. ജോൺ

സന്യാസ ജീവിതത്തിന്റെ അർത്ഥവും അന്തഃസത്തയും അപഗ്രഥിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള പരിശ്രമവും പര്യവേഷണവും ഇന്ന് നടക്കുന്നുണ്ട്. മാനവ ചരിത്രത്തിൽ രൂപപ്പെട്ട ആദ്ധ്യാത്മിക സംസ്കാരത്തിന്റെ അതുല്യഭാവത്തിന്റെ ആത്മസത്ത പ്രതിഫലിച്ചു നിന്ന സന്യാസത്തിന്റെ കാലികപ്രാധാന്യം വളരെ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സന്യാസത്തിന്റെ അർത്ഥവും വ്യാപ്തിയും കണ്ടെത്തുവാനുള്ള പരിശ്രമമാണീ ലേഖനത്തിൽ.

## 1. പദപരിചയം

'സന്യാസം' എന്നത് തികച്ചും ഭാരതീയമായ ഒരു പദമാണ് 'സമ്യക്ന്യാസം സന്യാസം' എന്ന് പറയാവുന്നതാണ്. (സം. നി. അസ് = പൂർണ്ണമായും ഇല്ലാതാക്കുക. 'ന്യാസം' എന്നതിനർത്ഥം 'ത്യാഗം' എന്നാണ്. സമ്പൂർണ്ണമായ ത്യാഗമാണ് സന്യാസം. ഭാരതീയ ചിന്തയിൽ 'സന്യാസം' എന്നു പറഞ്ഞാൽ 'അവിദ്യകൊണ്ട് നശ്വരങ്ങളായ ദേഹാദികളിൽ 'ഞാൻ' എന്നഭിമാനിച്ച അഹങ്കാരത്തിന്റെ സമ്യക്കായ, നിരവശേഷമായ ന്യാസം അഥവാ ത്യാഗം എന്നർത്ഥം. അഹങ്കാരത്തിന്റെയും അതിന്റെ സന്തതിയായ സംസാരത്തിന്റെയും ത്യാഗം സന്യാസം, പ്രയോഗതലത്തിൽ സ്വാർത്ഥ ത്യാഗമാണ് സന്യാസം. പരിശുദ്ധനായ പൗലോസ് പറയുന്നതുപോലെ 'ഇനി ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' എന്ന ആത്മഭാവത്തിന്റെ അനുഭവവും അർത്ഥവും ഇതു തന്നെയാണ്. സന്യാസി മൗലികമായും ഏകാന്തവാസിയാണ്. ഏകാന്തവാസി എന്നതിന് 'ഹെർമിററിസ്' 'മൊണാക്കോസ്' എന്നീ ഗ്രീക്കു പദങ്ങൾ ഉപയോഗിക്കുന്നു. ഈജിപ്റ്റിലെ സന്യാസത്തിന് ആദ്യമായി ഉപയോഗിച്ചത് 'മൊണാക്കോസ്', എന്ന പദമാണ്. 'മോണി' (വാസസ്ഥലം) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് 'മൊണാസ്റ്റീറിയോൺ' (ഇംഗ്ലീഷിൽ മൊണാസ്റ്ററി) എന്ന വാക്കു

ണ്ടായത്. ഏകാന്തവാസികളുടെ പാർപ്പിടത്തിനുണ്ടായ സാങ്കേതിക പദമാണിത്. ഇതിനു സമാനമായ സുറിയാനി പദമാണ് 'ദയറ'. പിൽക്കാലത്ത് സന്യാസിമാർ സമൂഹമായി ജീവിച്ചപ്പോഴും ഈ പദം തന്നെ ഉപയോഗിച്ചു. സന്യാസ ജീവിതശൈലിക്ക് 'ദയറോയൂസോ' എന്നു പറഞ്ഞു വന്നു. ഏകാന്തവാസിക്ക് സുറിയാനിയിൽ ഉപയോഗിക്കുന്ന വാക്ക് 'ഈഹീദോയോ' എന്നാണ്. അവിവാഹിത ജീവിതം നയിക്കുന്ന ഒരുവനെ ഈ പദം കുറിക്കുന്നുവെങ്കിലും ഇതിന്റെ അടിസ്ഥാന അർത്ഥം 'ആന്തരീക ഐക്യം പ്രാപിക്കുക', 'അവിഭാജ്യമായിരിക്കുക' എന്നാണ്. ലോകപ്രതിപത്തികളിൽ നിന്നു മാറി സ്നേഹസമ്പൂർണ്ണനായ സൃഷ്ടാവും പരിപാലകനും രക്ഷിതാവുമായ ദൈവത്തിൽ സമ്പൂർണ്ണമായി പ്രതിഷ്ഠിച്ച് ക്രിസ്തുവുമായുള്ള ആളത്വപരമായ ആന്തരീക ഐക്യത്തിലായിരിക്കുന്നവരാണ് ഈഹിദോയക്കാർ. ഇത് ഹൃദയത്തിന്റെ ആഴത്തിലെ ആന്തരീക അവസ്ഥയാണ്. ഈ വാക്കിന് പരിത്യാഗ സൂചകമായ വേദപുസ്തക പദങ്ങളുമായി ശക്തമായ ബന്ധമാണുള്ളത് (1 കൊരി. 7:30, മത്താ: 19:21) ഈജിപ്റ്റിൽ സന്യാസത്തിന് സാധാരണയായി ഉപയോഗിക്കുന്ന പദം 'apotaktikos' [renunciant] എന്നാണ്. '....... നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല' (ലൂക്കോ: 14:33) എന്ന കർത്തൃകല്പനയിൽ നിന്നുമാണ് ഈ പദത്തിന്റെ ഉത്ഭവം.[2] നാലാം നൂററാണ്ടു മുതൽ പണ്ഡിതരായ സന്യാസിമാർ ഓരോ ദയറായിലും മാറി മാറി താമസിച്ച് സഭാവിശ്വാസം പഠിപ്പിച്ചിരുന്ന രീതി പ്രചാരമായി. ഇവരെ 'അക്സനോയോ' എന്നു വിളിച്ചിരുന്നു. ഈ വാക്കിന് 'പരദേശി' എന്നർത്ഥം. ഈ ലോകം പരദേശമായിരിക്കുന്നവൻ എന്നർത്ഥത്തിലും ചെല്ലുന്ന ആശ്രമത്തിലെ അംഗമല്ല എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിച്ചിരുന്നു. 'അക്സനോയോ' എന്ന പദം അഞ്ചാം നൂററാണ്ടോടു കൂടി സഞ്ചാര സന്യാസികളുടെ സാങ്കേതിക പദമായി അറിയപ്പെട്ടു. സന്യാസികൾ തെരെഞ്ഞെടുത്ത വിവിധ ജീവിത ശൈലിക്കനുസൃതമായി 'വിലാപക്കാർ' (എബിലോതോയോ) ഭിക്ഷു (അനുവോയോ) സ്തൂപക്കാർ (എസ്തൂനോയോ) മുനി തുടങ്ങിയ സാങ്കേതിക പദങ്ങൾ ഉപയോഗിച്ചു പോന്നു.

'സന്യസിക്കുക'യെന്ന പദം കൊണ്ട് 'വയ്ക്കുക', 'നിക്ഷേപിക്കുക', 'ലോകവ്യാപാരങ്ങൾഉപേക്ഷിക്കുക, സദാ ബ്രഹ്മധ്യാന നിരതനായിരിക്കുക എന്നിവയാണ് അർത്ഥമാക്കുക. ഇതിൽ നിന്ന് സന്യാസത്തിനു നിക്ഷേപിക്കൽ, സകലതും സംത്യജിച്ചുള്ള ഇരിപ്പ് എന്നെല്ലാം അർത്ഥമാക്കാം. മററൊരർത്ഥത്തിൽ സർവ്വസംഗ പരിത്യാഗിയായി, നിരന്തര ദൈവധ്യാനത്തിൽ സ്വയം ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പണം ചെയ്യുകയെന്നതാണ് സന്യാസം അനന്തമായ സ്നേഹത്താൽ നമ്മെ സ്നേഹിച്ച ദൈവത്തിന്റെ പ്രതിസ്നേഹമാണ് ഈ അർപ്പണത്തിലൂടെ മനുഷ്യൻ പ്രകടമാക്കുക, ദൈവവിളി സ്വീകരിച്ച്, ദൈവവാഗ്ദാനത്തിൽ വിശ്വസിച്ച്, ദൈവത്തോടുള്ള അദമ്യവും അവിഭക്തവുമായ സ്നേഹം പ്രകടമാക്കാനുള്ള ആത്മാവിന്റെ അന്തർദാഹമാണ്, സർവ്വതും ത്യജിച്ച് ദൈവ ഇഷ്ടത്തിനു കീഴടങ്ങി, സ്നേഹത്തിന്റെ ബലിവേദിയിൽ സ്വയം ആത്മഹൂതി ചെയ്യുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. ഇതാണ് സന്യാസത്തിന്റെ സത്തയും കാതലും. ക്രിസ്തുവിലും ക്രിസ്തുവിനായും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി സമ്പൂർണ്ണമായസ്വയദാനമാണ് സന്യാസം.

## 2. സന്യാസ നിർവ്വചനം

കോപ്റ്ററിക് ഓർത്തഡോക്സ് സഭയുടെ പാത്രയർക്കീസ് പോപ് ഷീനൂഡാ മൂന്നാമൻ സന്യാസത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. 'സന്യാസം ഭൗതീകതയുടെ ആന്തരീക സ്വയത്തെ നിഷ്കാസിതമാക്കുന്ന ജീവിത ശൈലിയാണ്. സന്യാസിമാർ ഭൗതീക മാലാഖമാരും സ്വർഗ്ഗീയ മനുഷ്യരുമാണ്. സന്യാസം എല്ലാ ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും ഏകമായതിലേക്കുള്ള സമ്പൂർണ്ണമായ പിൻവാങ്ങലാണ്. സത്യദൈവവുമായുള്ള ആളത്വപരമായ ഐക്യജീവിതമാണ്. അത് ഏകാന്ത ജീവിതമാണ്'.[3] ദൈവത്തെ സാക്ഷീകരിക്കുന്ന ദൈവീക മഹത്വത്തെ, സ്നേഹത്തെ വെളിപ്പെടുത്തുന്ന ശ്രേഷ്ഠമായ ജീവിത വിളിയാണ് സന്യാസിയുടേത്. സന്യാസം ദൈവത്തോടും മനുഷ്യരോടുമുള്ള പരിപൂർണ്ണ സ്നേഹത്തിന്റെ പ്രതീകവും പ്രയോഗവും പ്രത്യക്ഷതയുമാണ്. ഈ സ്നേഹത്തിലൂന്നിയ അർപ്പണജീവിതം പരമമായപങ്കുവയ്ക്കലിലൂടെ, സ്വയദാനത്തിലൂടെ 'സ്വർഗ്ഗീയ ജീവിതം' ലോകത്തിൽ കാഴ്ച വയ്ക്കുന്നു. സന്യാസജീവിതം സമ്പൂർണ്ണതയുടെ അനുഭവമായി കണക്കാക്കപ്പെട്ടിരുന്നു. വീഴ്ചയ്ക്കു മുമ്പുള്ള ആദാമിന്റെ പറുദീസയിലെ അവസ്ഥയിലേക്ക് മടങ്ങിപ്പോവുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് പൂർണ്ണമായ നിഷ്കളങ്കതയും സ്നേഹവും മനുഷ്യനെ അമ്മാനമാടുന്ന വികാരങ്ങളിൽ നിന്നുള്ള വിമോചനവും പ്രകൃതിയുമായുള്ള ഐക്യവും ഈ പൂർണ്ണതയുടെ സ്വഭാവങ്ങളായിരുന്നു. സന്യാസത്തെ 'മൗലീക

ക്രിസ്തീയത' (Radical Christianity) എന്നു വിളിക്കാറുണ്ട്. ക്രിസ്തീയ വിശുദ്ധിയുടെയും മൂല്യങ്ങളുടെയും ആധികാരിക ആവിഷ്കാരമായി ദൈവരാജ്യ അംഗങ്ങളെന്ന നിലയിലുള്ള ജീവിതമായിരിക്കേണ്ടതാണ് സന്യാസം. ദൈവസന്നിധിയിൽ നടത്തിയിട്ടുള്ള സമർപ്പണത്തിന് പുതിയ രൂപഭാവങ്ങളും അഭിമുഖ്യങ്ങളും കൊടുക്കുക സന്യാസിയുടെ കടമയാണ്. 'അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു' (യോഹന്നാൻ 17:19) എന്ന ക്രിസ്തു വാക്യത്തെ ഹൃദയത്തിലേററു വാങ്ങി ജീവിക്കുന്ന സമൂഹത്തിന്റെയും ലോകത്തിന്റെയും ചിരന്തന നന്മയ്ക്കും സുസ്തിരശാന്തിക്കുമായി സഹോദര വർഗ്ഗം വിശുദ്ധീകരിക്കപ്പെട്ടവർ ആകുവാൻ ദൈവകൃപയിൽ ആശ്രയിച്ച് സ്വയം വിശുദ്ധിയെ തികയ്ക്കുവാൻ പരിശ്രമിക്കേണ്ടവരാണ് സന്യാസിമാർ. യേശുവിനെ പരിപൂർണ്ണമായി അംഗീകരിക്കുവാൻ സന്നദ്ധമായ മാനസാന്തരവും ആ മാനസാന്തരത്തിലൂടെ സംസിദ്ധമായ അനുഗമന സന്നദ്ധതയുടെ ആഴപ്പെടുത്തലും സന്യാസത്തിൽ നടക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ക്രിസ്തീയ മൂല്യങ്ങളായ വിശ്വാസം. സ്നേഹം, പ്രത്യാശ എന്നിവയുടെ ആഴമുള്ള അഭ്യസനവും സന്യാസ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്.

അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കും പാപത്തിൽ നിന്ന് പരിത്രാണനത്തിലേക്കും മരണത്തിൽ നിന്ന് ജീവനിലേക്കുമുള്ള ഒരു തീർത്ഥാടനത്തിന്റെ ചിത്രമാണ് ബൈബിൾ നമുക്കു നൽകുന്നത്. സന്യാസവും ഒരു തീർത്ഥാടനമാണ്. മനുഷ്യജീവിതത്തിന്റെ അസ്തിത്വപരവും ആത്യന്തികവുമായ അർത്ഥം തിരഞ്ഞുകൊണ്ടുള്ള ഒരന്വേഷണം. സന്യാസം ഒരു ജീവിതപ്രവാഹമാണ്. ആത്മഭാവങ്ങളും ആർദ്രലയങ്ങളും ചേർന്നുള്ള സാഹസിക മുന്നേററം. സന്യാസം ദൈവത്തിന്റെ സമ്മാനവും അതേ സമയം ദൈവത്തിന്റെ ആഹ്വാനവും, ക്ഷണവും വിളിയുമാണ്. ആകയാൽ അതെപ്പോഴും പ്രതികരണവും പ്രത്യുത്തരവും ആവശ്യപ്പെടുന്നു. ദൈവത്തിന്റെ വരദാനമെന്ന നിലയിൽ സന്യാസം പ്രപഞ്ചത്തെ നിരന്തരം ഹരിതാഭമാക്കുന്നുണ്ട്. കാരണം അത് ദൈവീക മൂല്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാലാണ് സംലഭ്യമാക്കുക.[4] സന്യാസത്തെ പർവ്വതാരോഹണമായി (Ascent of mount karmel) St. John of the Cross പറയുന്നുണ്ട്. എല്ലാവർക്കും എല്ലാമാകാനുള്ള സിദ്ധിയാണ് സന്യാസം.

സന്യാസം ഒരേ സമയം നിവർത്തന സാധനയും പ്രവർത്തന സാധനയുമാണ് എന്ന് ഡോ. വിൻസൻറ് പ്രതിപാദിക്കുന്നു. സനാതന സത്യത്തിലേക്കും നിത്യസ്നേഹത്തിലേക്കും പരമസൗന്ദര്യത്തിലേക്കും നയിക്കാത്തവയിൽ നിന്നുള്ള പിൻവാങ്ങലത്രെ നിവർത്തന സാധന എന്ന നിലയിൽ സന്യാസം. ഈ പ്രതിഭാസം പണ്ടുമുതലേ 'മരുഭൂമി അനുഭവം' (desert experience) എന്നറിയപ്പെട്ടു. 'എരെമോസ്' (desert) എന്ന ഗ്രീക്കു പദം മരുഭൂമിയെ മാത്രമല്ല സൂചിപ്പിക്കുന്നത് പിൻതിരിയലിന്റെ പ്രതിഭാസത്തെ കൂടി അർത്ഥമാക്കുന്നു'. നിവർത്തനത്തിലൂടെ സ്വയാവബോധം കെട്ടിപ്പടുക്കാനുള്ള യത്നം കൂടിയാണ് സന്യാസം. സന്യാസം നിവർത്തന സാധനയിൽ കുടിങ്ങിക്കിടക്കുന്ന ജീവിതമല്ല. നിവർത്തനം പ്രവർത്തനത്തിലേക്ക് ഉന്മുഖമാണ്. നന്മയ്ക്കുവേണ്ടി തീഷ്ണമായി അദ്ധ്വാനിക്കാനുള്ള തുനിവും തന്റേടവും ഉത്സാഹവും ഉന്മേഷവും വഴി നിരന്തരം ഊർജ്ജസ്വലമായിക്കൊണ്ടിരിക്കുന്ന തുറവി യഥാർത്ഥ സന്യാസം കൈമുതലാക്കുന്നു. എവിടെയും ശരിയായലക്ഷ്യം നേടാനുള്ള പ്രക്രിയ സന്യാസത്തിലെ പ്രവർത്തനാത്മകതയുടെ ചലനമാണ്. നിസ്സായിലെ മാർ ഗ്രീഗോറിയോസ് സന്യാസത്തെപ്പററി 4-ാം നൂററാണ്ടിന്റെ അവസാനം എഴുതി: 'ദൈവത്തെ അനുധാവനം ചെയ്യുക. സർവ്വരേയും ദൈവത്തിലേക്കാനയിക്കുക. ദൈവത്തെ അനുധാവനം ചെയ്യുന്ന ആൾ ദൈവത്തെ കണ്ടനുഭവിക്കുന്നു. കണ്ടനുഭവിച്ചത് മററുള്ളവരെ കണ്ടനുഭവിപ്പിക്കുന്നു. വഴിയറിയാത്തവർക്ക് യാത്ര പൂർണ്ണമാക്കാനായില്ല. വഴിയറിയുന്നവർക്കേ വഴി നടത്താനാകൂ. ദൈവത്തെ പിഞ്ചെല്ലാൻ വഴിയറിയേണം, വഴി നടക്കണം, ഒപ്പം വഴി നടത്തുകയും വേണം. ദൈവത്തെ പിഞ്ചെല്ലുന്ന ആൾ ശരിയായ പാതയിൽ നിന്ന് വ്യതിചലിക്കയില്ല, തന്നെ നയിക്കുന്ന ആളെ പിന്തുടർന്നാൽ'.[5] ചുരുക്കത്തിൽ ദൈവീകതയുടെ കർമ്മചൈതന്യത്തെ മാനുഷീകതലത്തിൽ സ്ഫുടം ചെയ്ത് ജീവിതത്തിന്റെ സമസ്ഥമാനങ്ങളെയും ദൈവീകരിക്കുന്ന യത്നമത്രെ സന്യാസം.

(തുടരും)

1. Guillanmont. The word in tne Desert, N.Y. 1993 P. 40
2. E.A. Judge, Fourth Centuary Monasticism in the Papyri in "Proceedings of the 16th International Congress of Papyrilogists, ed R S: Bagnall, Chicago 1981, P. 616.
3. Pope Shinuda. My Church P. 8
4. Karl Rahner, The Religious Life Today 1976. P. 19
5. St. Grogorios of Nyssa, The Life of Moses. Ch. 2 No. 251—253.

# മഹത്‌വചനങ്ങൾ

1. പലതും വിസ്മരിച്ചുകൊണ്ടല്ലാതെ ജീവിതം മുന്നോട്ട് കൊണ്ടുപോകാനാവില്ല.
   -ബൽസാക്
2. സ്നേഹമുള്ളടത്ത് മാത്രമേ ജീവിതമുള്ളു. സ്നേഹ രഹിതമായ ജീവിതം മരണമാണ്.
   -ഗാന്ധിജി
3. പൂവിൻെറ സുഗന്ധം പോലെയാണ് മനുഷ്യൻെറ വിവേകം.
   -സ്വാമി വിവേകാനന്ദൻ
4. പ്രാർത്ഥന പ്രഭാതത്തിലെ താക്കോലും രാത്രിയിലെ സാക്ഷായും ആണ്.
   -ഗാന്ധിജി
5. എല്ലാ വസ്തുക്കൾക്കും ഒരു വാഹനമുണ്ട്. മനുഷ്യൻെറ വാഹനം അവൻെറ ബുദ്ധിയത്രേ.
   -മുഹമ്മദ് നബി
6. ഒന്നിലും നിഗളിക്കരുത്. നിഗളത്തിൻെറ പിന്നാലെ വീഴ്ചയുണ്ട് നിശ്ചയം. താഴ്മയുടെ പിന്നാലെ ഉയർച്ചയും.
   -പ: പരുമല തിരുമേനി
7. ഒന്നും എഴുതാത്ത വിജ്ഞാനിയാണ് ഏററവും വലിയ പിശുക്കൻ.
   -ഓസ്ററിൻ ഒമാലി
8. കഷ്ടപ്പാടിൻെറ വിദ്യാലയത്തിൽ നിന്നാണ് നാം അച്ചടക്കം പഠിക്കുക.
   -ഗാന്ധിജി
9. ചോദ്യം ചെയ്യപ്പെടാത്ത ജീവിതം അഭികാമ്യമല്ല.
   -സോക്രട്ടീസ്
10. ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ശക്തിയാണ് വിശ്വാസം.
    -ടോൾസ്റേറായി
11. ഞാൻ പതുക്കെ നടക്കുന്നവനാണ്. പക്ഷേ ഒരിക്കലും തിരിഞ്ഞ് നടക്കാറില്ല.
    -ഏബ്രഹാം ലിങ്കൺ
12. വിധിയ്ക്കു ബന്ധുക്കളില്ല. ധീരത കൊണ്ടതിനെ ജയിക്കാനാവില്ല.
    -രാമായണം
13. കോപം മനസ്സിൻെറ വിളക്ക് കൊടുത്തുന്നു.
    -ഇൻഗർസോൾ
14. നീതി നിഷേധിക്കുന്ന നിയമം നിയമമല്ല.
    -ലിഡിയ മറിയ ചൈൽഡ്
15. മരണത്തിൻെറ മുൻപിൽ കാരുണ്യത്തെക്കുറിച്ചല്ല, കാഠിന്യത്തെപ്പററിയാണ് നമുക്ക് പശ്ചാത്തപിക്കേണ്ടി വരുന്നത്.
    -ജോർജ് എലിയററ്

**–സമ്പാ: ഷിബു മാവേലിക്കര**



**യുവജനപംക്തി:**

# ദൈവരാജ്യത്തെപ്പററി ഒരു ചർച്ച

(മാവേലിക്കര സെൻറ് പോൾസ് മിഷൻ സെൻററിൽ നടന്ന അവധിക്കാല ബൈബിൾ ക്ലാസിൽ സംബന്ധിച്ച യുവജനങ്ങളുടെ പ്രതികരണമാണിത്. –പത്രാ:)

മഹോന്നതനായ ദൈവം രാജാധിരാജാവും, വിശ്വാസികളായ സഭാംഗങ്ങൾ പ്രജകളും ആയ ഒരു വലിയ രാജ്യമാണ് ദൈവരാജ്യം. 'ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടെന്ന്' കർത്താവ് തൻെറ ശിഷ്യന്മാരോട് പറയുന്നു (ലൂക്കോസ് 17:21).

'ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ' എന്ന് വി. പൗലോസ് റോമർ 14:17-ൽ പറയുന്നു. അതായത് ദൈവം വസിക്കുന്നിടമാണ് ദൈവരാജ്യം. സന്തോഷത്തിൻെറയും സമാധാനത്തിൻെറയും സ്നേഹത്തിൻെറയും പ്രതീകമാണ് ദൈവരാജ്യം. ദൈവഭരണത്തിനു വിധേയപ്പെട്ട ജീവിതാനുഭവമാണത്.

നമ്മുടെ കർത്താവ് തന്നെ ദൈവരാജ്യത്തെ, ഒരു മനുഷ്യൻ തൻെറ നിലത്ത് നല്ല വിത്ത് വിതച്ചതിനോടും, കടുകുമണിയോടും, വയലിൽ ഒളിച്ചുവച്ച നിധിയോടും, നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടും, പുളിച്ചമാവിനോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു (മത്താ: 13). ദൈവീക ചൈതന്യം ഉൾക്കൊള്ളുന്നതും, പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ പുറപ്പെടുവിക്കുന്നതുമായ ഒരു സമൂഹമാണ് ദൈവരാജ്യം. അതായത് വിശപ്പും ദാഹവും ഇല്ലാത്തതും, ദുർമാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതും, എന്നും സ്നേഹവും സന്തോഷവും സമാധാനവും നിലനിൽക്കുന്ന പൂർണ്ണതയുള്ള രാജ്യമാണ് ദൈവരാജ്യം.

**ദൈവരാജ്യ ആഗമനത്തിന് കുടുംബങ്ങൾ രൂപാന്തരം പ്രാപിക്കണം.**

**കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. യഥാർത്ഥ കുടുംബത്തിലെ അംഗങ്ങൾ കൂടുമ്പോൾ ഇമ്പമുണ്ടാകണം.**

അങ്ങനെയുള്ള കുടുംബമാണ് ഭൂമിയിലെ സ്വർഗ്ഗരാജ്യം. ഇപ്പോഴത്തെ കുടുംബ വ്യവസ്ഥിതി, സ്വർഗ്ഗരാജ്യ ആഗമനത്തിന് വിഘാതമായിരിക്കുന്നു. കാരണം ദൈവത്തെ കൂടാതെയുള്ള കുടുംബജീവിതമാണ് ഇന്ന് സമൂഹത്തിൽ, പല കുടുംബങ്ങളിലും കാണാൻ കഴിയുന്നത്, അതുകൊണ്ടാണ് കർത്താവ് തന്നെ പറയുന്നത് 'എന്നേക്കാൾ അധികമായി, അപ്പനേയോ, അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്ക് ചേർന്നവനല്ല' എന്ന്

ആയതുകൊണ്ട്, ദൈവരാജ്യ ആഗമനത്തിന് ഓരോ കുടുംബവും വളരെയധികം രൂപാന്തരം പ്രാപിക്കേണ്ടിയിരിക്കുന്നു. അതായത് കുടുംബത്തിലെ ഓരോ വ്യക്തിക്കും രൂപാന്തരം ഉണ്ടാകണം

സാമ്പത്തികമായ ഉയർച്ചയേക്കാളും സാമൂഹികമായ സ്ഥാനമാനങ്ങളേക്കാളും കുടുംബത്തിലെ ഓരോ വ്യക്തിയും ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് വരാൻ സാധിക്കും. കുടുംബത്തിലെ ഓരോ അംഗങ്ങളും പരസ്പരം നീതി പുലർത്തുന്നവരും സ്നേഹമുള്ളവരുമായിരിക്കണം. കുടുംബങ്ങളിൽ പ്രാർത്ഥന, ഉപവാസം, മുതലായവ മുടങ്ങാതെ ഉണ്ടായിരിക്കണം. കുടുംബത്തിലെ മുതിർന്ന ആൾ ദൈവത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും മററുള്ള അംഗങ്ങൾക്ക് പറഞ്ഞുകൊടുത്ത് ഒരു പ്രാഥമിക സണ്ടേസ്കൂൾ പഠനം കുടുംബങ്ങളിൽ തന്നെ നടത്തണം.

ഭാര്യഭർത്തൃബന്ധം ആണ് മാനുഷിക ബന്ധങ്ങളിൽ ഏററവും ഉദാത്തമായത്. കുടുംബ സാമ്രാജ്യത്തിലെ രാജാവും രാജ്ഞിയുമാണ് ഭർത്താവും ഭാര്യയും. വി. പൗലോസ് പറയുന്നു: 'ക്രിസ്തുവാകുന്ന മണവാളൻ സഭയാകുന്ന മണവാട്ടിയെ സ്നേഹിച്ചതു പോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം'. ഓരോരുത്തരും താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം. അപ്രകാരം തന്നെ സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുന്നതു പോലെ ഭാര്യ ഭർത്താവിന് കീഴ്പ്പെട്ടിരിക്കണം. സകല കാര്യത്തിലും ഭാര്യ ഭർത്താവിനോട് സ്നേഹത്തിലും പ്രേമത്തിലും വർത്തിക്കണം (എഫേ:5:22ff.)

ഭാര്യയും ഭർത്താവും കൂടി മാത്രം പങ്കിടുന്ന സ്നേഹം പൂർണ്ണമല്ല, ആ സ്നേഹം അവരുടെ മക്കൾക്കു കൂടി പകർന്നെങ്കിലേ അത് പൂർണ്ണമാകൂ എഫേ: 6:1-4 ആവശ്യപ്പെടുന്നത് കാണുക. മക്കൾ തങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിക്കണം. എന്തെന്നാൽ അത് ന്യായമാണ്. 'മക്കൾക്ക് നന്മ ഉണ്ടാകുവാനും മക്കൾ ഭൂമിയിൽ ദീർഘായുസ്സോടെ



ഇരിപ്പാനും ആയി മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം. അപ്രകാരം തന്നെ പിതാക്കന്മാർ തങ്ങളുടെ മക്കളോട് കോപിക്കാതെ, കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളർത്തണം.

ഇന്നത്തെ കുടുംബ വ്യവസ്ഥിതിയിൽ മാതാപിതാക്കളെ സംരക്ഷിക്കുവാൻ വിമുഖത കാണിക്കുന്ന മക്കളുടെ മാനസികനില മാററി അവരെ സ്നേഹത്തോടെ സംരക്ഷിക്കുവാൻ മനസ്സു കാണിക്കണം.

133-ാം സങ്കീർത്തനത്തിൽ ഇപ്രകാരം പറയുന്നു: 'സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു'. അത് വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്ക് തന്നെ, ഒഴുകുന്നതായി, അവന്റെ തലയിലെ വിശേഷതൈലം പോലെയും, സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞുപോലെയും ആകുന്നു. അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്. സഹോദരങ്ങൾ തമ്മിൽ അസൂയയും പിണക്കവും മാററി സ്നേഹത്തോടും പരസ്പര കരുതലോടും കൂടി കഴിയണം. എങ്കിലേ ദൈവരാജ്യത്തിന്റെ ആഗമനം സാധ്യമാകൂ.

ഇങ്ങനെ കുടുംബ വ്യവസ്ഥിതിയുടെ മാററത്തിന്റെ ആദ്യഘട്ടം എന്നത് വ്യക്തിഗത മാററം ആണ്. ഓരോ കുടുംബവും പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്ന ഒരു വൃക്ഷമായിരിക്കണം. ആ ഫലം സ്നേഹം ആയിരിക്കണം. സ്നേഹം ഉണ്ടെങ്കിൽ പരസ്പര വിശ്വാസം, കരുതൽ, ദയ, ആർദ്രത, ക്ഷമ തുടങ്ങിയവ ഉണ്ടാകുന്നു ഇപ്രകാരം സ്നേഹം ഉണ്ടെങ്കിൽ ഓരോ കുടുംബത്തേയും ഭൂമിയിലെ ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യം ആക്കി രൂപാന്തരപ്പെടുത്തുവാൻ സാധിക്കും.

ദൈവസൃഷ്ടി ദൈവാനുരൂപത്തിൽ എത്തിച്ചേരുന്ന അവസ്ഥയാണ് ദൈവരാജ്യം. സന്തോഷത്തിന്റെ അനുഭവമാണത്. നന്മയിലൂടെ മനുഷ്യൻ മുന്നേറുമ്പോഴാണിത് കൈവരിക്കുക. ദൈവരാജ്യത്തിന്റെ പൂർണ്ണത കർത്താവിന്റെ രണ്ടാം വരവോടു കൂടിയാണ്. ഭൗതിക ലോകത്തിന്റെ കാഴ്ചപ്പാടിൽ ദൈവരാജ്യം പൂർണ്ണമായി വിവരിക്കുക പ്രയാസം. ഫലങ്ങൾ നൽകുകയും ഫലങ്ങൾ അനവധിയായി വ്യക്തിജീവിതത്തിൽ ഉണ്ടാകുകയും ചെയ്യുമ്പോൾ ദൈവരാജ്യത്തിന്റെ വളർച്ച ആരംഭിക്കും. എല്ലാ ആത്മീയ സംഘടനകളും സ്വയപരിശോധന നടത്തി മാററങ്ങൾ വരുത്തുവാൻ തയ്യാറാകണം.

# വാർത്തകളും അറിയിപ്പുകളും

## രണ്ടായിരാമാണ്ടിൽ കടങ്ങൾ ഇളച്ചു കൊടുക്കുക: —ജർമ്മൻ ബിഷപ്പ്

പാവപ്പെട്ടവർക്ക് കടങ്ങൾ ഇളച്ചു കൊടുക്കണം. വികസിത രാജ്യങ്ങൾ പാവപ്പെട്ട രാജ്യങ്ങൾക്ക് എല്ലാവിധ കടങ്ങളും റദ്ദു ചെയ്യണം. അനീതി ഇല്ലാതാക്കാൻ ഭൂപരിഷ്കരണ നിയമങ്ങൾ കാലോചിതമായി മാററപ്പെടണം. ആഗോള തലത്തിൽ പണക്കാർ പാവപ്പെട്ടവരോട് വിട്ടുവീഴ്ച ചെയ്യണം ഈ രീതിയിലാകണം പുതിയ സഹസ്രാബ്ദത്തെ സ്വീകരിക്കുവാനെന്ന് ലോക ലൂഥറൻ ഫെഡറേഷൻ പ്രസിഡന്റും ജർമ്മനിയിലെ ബ്റുൻസ്‌വിക്ക്

---

മാധ്യമങ്ങൾ സമൂഹത്തിൽ കുത്തിവയ്ക്കുന്ന വിഷം കണ്ടറിഞ്ഞ് ഉപേക്ഷിക്കണം. പൈങ്കിളി ശൈലിയുടെ അപകടങ്ങൾ യുവജനങ്ങൾക്ക് ബോധ്യം വരുത്തണം. വികലമായ സ്വഭാവങ്ങൾ ഉപേക്ഷിക്കണം വേദപഠനം, സഭാ വിശ്വാസ പഠനം, പിതാക്കന്മാരുടെ ജീവിതശൈലി മനസ്സിലാക്കൽ, നിരന്തരമായ പ്രാർത്ഥന സൽകർമ്മങ്ങൾ, വിശുദ്ധി ഇവയാണ് ദൈവരാജ്യത്തെ നിലനിർത്തുന്ന ഘടകങ്ങൾ. അർത്ഥപൂർണ്ണമായആരാധനാ ജീവിതം ഉണ്ടാകണം. ആദ്ധ്യാത്മിക നിറവുകളെപ്പററിയുള്ള അറിവും അനുഭവവും സ്വായത്തമാക്കണം. ദൈവരാജ്യ സുവിശേഷം ലോകത്തെ അറിയിക്കുവാൻ ഓരോ വ്യക്തിയ്ക്കും ചുമതലയുണ്ട്.

ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതാണ്. ദൈവരാജ്യത്തിന്റെ നീതി, കർത്താവിന്റെ കൽപനകൾ പഠിക്കുകയും പഠിപ്പിക്കുകയും പാലിക്കുകയും ചെയ്യുന്നവരാണ് ദൈവരാജ്യത്തിൽ കടക്കുക. ദൈവവുമായുള്ള ദൃഢബന്ധം, അർത്ഥവത്തായ കൗദാശിക ജീവിതം, തമ്മിൽ തമ്മിലുള്ള സ്നേഹവും ഐക്യവും ബഹുമാനവും സുവിശേഷ പ്രവർത്തനങ്ങളിലുള്ള തീക്ഷണത, അശരണരേയും രോഗികളേയും പീഡിതരേയും ദുഃഖിതരേയും ആശ്വസിപ്പിക്കുന്ന അനുഭവം ഇതൊക്കെയാണ് ദൈവരാജ്യത്തിന്റെ സവിശേഷതകൾ.

ചർച്ചകൾക്ക് നേതൃത്വം വഹിച്ചവർ.- റിഞ്ചു പി.കോശി
റെി. ജെ. ജെയിംസ്, ബീനാ മറിയം വർഗീസ





ഇവാഞ്ചലിക്കൽ ലൂഥറൻ സഭയിലെ ബിഷപ്പുമായ ക്രിസ്ത്യൻ ക്റോസ് പ്രസ്താവിച്ചു. 69 രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ലൂഥറൻ സഭകളുടെ ജനറൽ കൗൺസിലിന്റെ ജനീവാ സമ്മേളനത്തിലാണ് ബിഷപ്പ് ഈ ആഹ്വാനം നടത്തിയത്. ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ അത് കപട ക്രിസ്തീയതയാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

## കൊസോവയിലെ ഓർത്തഡോക്സ് സന്യാസിമാർ അക്രമത്തെ അപലപിക്കുന്നു

കലാപകലുഷിതമായ കൊസോവയിലെ സേർബിയൻ ഓർത്തഡോക്സ് മൊണാസ്ററിയിൽപ്പെട്ട സന്യാസിമാർ പുറപ്പെടുവിച്ച പ്രസ്താവനയിൽ സെർബിയൻ സൈന്യവും അൽബേനിയൻ ഗറിലകളും തമ്മിലുള്ള യുദ്ധം എത്രയും വേഗം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. സെർബിയയിലുൾപ്പെടുന്ന പ്രദേശമാണ് കൊസോവാ എങ്കിലും അവിടുത്തെ 22 ലക്ഷം ജനങ്ങളിൽ 90 ശതമാനവും വന്നു പാർക്കുന്ന അൽബേനിയക്കാരാണ്. കൊസോവയ്ക്കുണ്ടായിരുന്ന സ്വയം ഭരണക്രമം 989-ൽ സെർബിയ നിഷേധിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണം. മനുഷ്യഭ്രാന്തിന്റെ പാരമ്യമാണ് കൊസോവയിലെ ക്രൂരതകളെന്നും നൂറുകണക്കിന് ശവങ്ങളാണ് അവിടെ കാണപ്പെടുന്നതെന്നും സെർബിയൻ ജനതയോടു മാത്രമല്ല അവിടെ പാർക്കുന്ന എല്ലാ വംശക്കാരോടും പ്രത്യേകിച്ച് പാവപ്പെട്ടവരോടും രോഗികളോടും ക്രൈസ്തവരെന്ന നിലയിൽ തങ്ങൾക്കു പ്രതിബദ്ധതയുണ്ടെന്നും പ്രസ്താവനയിൽ പറയുന്നു. നിരപരാധികളാണ് കൊല്ലപ്പെടുന്നതെന്നും ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ ഉച്ചനീചത്വങ്ങൾ കല്പിക്കുന്നത് അധാർമ്മികമാണെന്നും വംശങ്ങളുടെ സമാധാനപരമായ സഹവർത്തിത്വമാണുണ്ടാകേണ്ടതെന്നും അക്രമം ഒരിക്കലും പ്രശ്നപരിഹാരമല്ലെന്നും അത് കൂടുതൽ അക്രമത്തെ വിളിച്ചു വരുത്തുകയേ ഉള്ളു എന്നും സന്യാസിമാർ പ്രസ്താവനയിൽ തുടരുന്നു.

## 1999 ക്രൈസ്തവ സംസ്കാരത്തിന്റെ വർഷമായി ആചരിക്കുന്നു

സഭൈക്യ സംരംഭങ്ങൾക്ക് ഒരു നല്ല മാതൃകയായി സ്ലോവാക്യയിലെ റോമൻകത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകൾ ഏകോപിച്ച് 1999 ക്രൈസ്തവ സംസ്കാരത്തിന്റെ വർഷമായി ആചരി

ക്കുവാൻ തീരുമാനിച്ചു. അവിടുത്തെ സർക്കാർ സാംസ്കാരിക വകുപ്പിൻെറ പൂർണ്ണ പിന്തുണയിലും സഹകരണത്തിലുമാണ് പരിപാടികൾ ക്രമീകരിക്കുക. സംഗീതം, കല, സാഹിത്യം, ശില്പകല, നാടകം, പത്രമാധ്യമങ്ങൾ എന്നിവയുടെ ക്രൈസ്തവ സ്വാധീനങ്ങൾ വെളിവാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പ്രാദേശിക തലങ്ങളിൽ ക്രൈസ്തവ ഐക്യം ഊട്ടിയുറപ്പിക്കുന്നതിന് സഹായകരമാണ് പദ്ധതികൾ. പ്രോട്ടസ്ററൻറുകാരാൽ വധിക്കപ്പെട്ട മൂന്നു പേരെ മാർപാപ്പ ഈയിടെ വിശുദ്ധരായി പ്രഖ്യാപിച്ച സംഭവം ബന്ധം ഉലയ്ക്കുവാനിടയാക്കിയിരുന്നു.

## ക്രിസ്തു സ്നാനമേററ സ്ഥലം തുറന്നു കൊടുക്കുന്നു

യോർദ്ദാൻ നദിയുടെ പടിഞ്ഞാറേക്കരയിൽ ക്രിസ്തു യോഹന്നാൻ സ്നാപകനാൽ സ്നാനമേററ പവിത്രമായ സ്ഥലം 1967-ലെ യുദ്ധത്തിൽ യിസ്രായേൽ പിടിച്ചടക്കിയ പ്രവിശ്യയിലുൾപ്പെട്ടിരുന്നു. 19-ാം നൂററാണ്ടിൽ നിർമ്മിക്കപ്പെട്ട മനോഹരമായ ഒരു ഗ്രീക്ക് ഓർത്തഡോക്സ് മൊണാസ്ററിയാണ് ഇതിനോട് ഏററവും അടുത്തുള്ള ദേവാലയം. 1967 മുതൽ ഈ സ്ഥലത്ത് ടൂറിസ്ററുകൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. യിസ്രായേലിൻെറ ഒരു മിലിററി കേന്ദ്രമായിരുന്നു ഈ സ്ഥലം. കർത്താവിൻെറ മാമോദീസായുടെ അനുസ്മരണമായി ആണ്ടിൽ രണ്ടുപ്രാവശ്യം ഈ സ്ഥലം സന്ദർശകർക്ക് തുറന്നു കൊടുത്തിരുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭയ്ക്ക് ജനുവരി 6 നും റോമൻ കത്തോലിക്കാ സഭയ്ക്ക് ഒക്ടോബറിലെ മൂന്നാം വ്യാഴത്തിലും. ഈ സമയത്ത് വിശ്വാസികൾ പ്രസ്തുത സ്ഥലത്ത് കുളിക്കുന്നതിലും ജലം ശേഖരിക്കുന്നതിലും നിർവൃതി അനുഭവിച്ചിരുന്നു. എ. ഡി. 2000 ന് മുമ്പുതന്നെ ഈ സ്ഥലം സന്ദർശകർക്ക് പൂർണ്ണമായി തുറന്നു കൊടുക്കുമെന്ന് യിസ്രായേൽ ടൂറിസം മന്ത്രി മോഷേ കസാവ് ഈയിടെ പ്രസ്താവിച്ചു.

## ജനിതക സാങ്കേതിക വിദ്യയ്ക്ക് നിയന്ത്രണം വേണം: സഭാ കൗൺസിൽ

ഗുരുതരമായ ധാർമ്മിക പ്രശ്നങ്ങൾ ഉൾപ്പെടുന്ന അണ്ഡബീജങ്ങളുടെ വില്പന കർശനമായി നിരോധിക്കണമെന്ന് വിവിധ രാജ്യങ്ങളിലെ ക്രിസ്തീയ സഭാ കൗൺസിലുകൾ ആവശ്യപ്പെട്ടതായി റിപ്പോർട്ടുകളിൽ പറയുന്നു. 13 തരം ജനിതക സാങ്കേതിക വിദ്യകൾ നിരോധിക്കണമെന്ന് കാനഡായിലെ സഭാ കൗൺസിൽ ആവശ്യപ്പെട്ടു. മനുഷ്യ ക്ലോണിംഗ് നിരോധിക്കണമെന്നും സുബോധം നഷ്ടപ്പെട്ട ഒരു ശാസ്ത്രജ്ഞൻ ഇത്തരം ജനിററിക് സാങ്കേതിക വിദ്യകൊണ്ട് ഈ പ്രപഞ്ചത്തിലെ ക്രമീകരണത്തെ തുരങ്കം വച്ചേക്കാമെന്നും അത് മനുഷ്യരാശിയ്ക്ക് അപകടകരമാണെന്നും കൗൺസിൽ വ്യക്തമാക്കി. ആടിൻെറ ക്ലോണിംഗ് മനുഷ്യക്ലോണിംഗിലേക്ക് വഴി തുറന്നാൽ മനുഷ്യവർഗ്ഗം സ്വന്തം അസ്തിത്വത്തിൻെറ അടിത്തറ മാന്തുകയായിരിക്കും. മനുഷ്യൻെറ മഹത്വത്തിന് ഒരു വെല്ലുവിളിയായിരിക്കും മനുഷ്യക്ലോണിംഗ്. ജനിതക സാങ്കേതിക വിദ്യയുടെ നിയന്ത്രണം മുൻഗണനാടിസ്ഥാനത്തിൽ എല്ലായിടത്തും ചർച്ച ചെയ്യണം. ജന്മനാ വികലാംഗർക്കും രോഗികൾക്കും സഹായകരമാകണം ഇത്തരം സാങ്കേതിക വിദ്യ. അത് ജീവന് ഭീഷണിയായാൽഎന്തു പ്രയോജനം? കൗൺസിൽ ചോദിക്കുന്നു.



## ഹരാരേ ഒരുങ്ങുന്നു: W C.C. 50-ാംവാർഷികം 1998 ഡിസംബറിൽ

പ്രോട്ടസ്ററൻറ്, ആംഗ്ലിക്കൻ, ഓർത്തഡോക്സ് പാരമ്പര്യത്തിൽപ്പെട്ട 330 സഭകളുടെ ലോകസംഘടനയായ WCC അതിൻെറ 50-ാം വാർഷികം 1998 ഡിസംബർ 3 മുതൽ 14 വരെ സിംബാബ്വെയുടെ തലസ്ഥാനമായ ഹരാരേയിൽ കൊണ്ടാടുന്നു. സഭാ തലവന്മാരുടെ നീണ്ടനിരയും ദൈവശാസ്ത്രജ്ഞരുടെ പടയും പരസ്പര സഹകരണത്തിൻെറ മേഖലകൾ തേടുന്നു. മുൻ ടാൻസാനിയൻ പ്രസിഡൻറ് ഡോ. ജൂലിയസ് നരേര, ഡോ. ഫിലിപ്പ് പോട്ടർ, ഡോ. പോളയ്ൻവെബ്, കൊസുകെ കൊയാമ, ആർച്ച് ബിഷപ്പ് യാനുലാററസ് എന്നിവരാണ് പ്രധാന പ്രസംഗകർ. ഓർത്തഡോക്സ് സഭാ പ്രതിനിധികൾ WCC യുടെ പ്രോട്ടസ്ററൻറ് മേധാവിത്വത്തെ ചോദ്യം ചെയ്തിട്ടുള്ളത് ചർച്ചാ വിഷയമാകും. WCC ലൗകിക കാര്യങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്നു എന്നാണ് ആരോപണം. Turn to God എന്നതാണ് പ്രധാന ചിന്താവിഷയം.

## മലങ്കര ഓർത്തഡോക്സ് സഭയുടെ മനുഷ്യവിഭവശേഷി വികസനവും കാതോലിക്കേററ് സ്ററഡി സെൻററും

നമ്മുടെ രാജ്യത്തു നിലവിലുള്ള സംവരണ സമ്പ്രദായം മുന്നോക്ക സമുദായങ്ങൾ എന്നു സങ്കൽപ്പിക്കപ്പെട്ടിട്ടുള്ള സമുദായങ്ങളിലെ അംഗങ്ങൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള അവസരങ്ങൾ വളരെ പരിമിതപ്പെടുത്തുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന കാര്യവും വ്യത്യസ്തമല്ല. മലങ്കര ഓർത്തഡോക്സ് സഭ സംവരണ വിഭാഗത്തിലെങ്ങും ഉൾപ്പെടാത്ത ഒന്നായതിനാൽ ഈ സമുദായത്തിലെ ആളുകൾക്ക് പരിമിതമായ

അവസരങ്ങൾക്കുവേണ്ടി ഇതര മുന്നോക്കക്കാരുമായി കഠിനമായി മൽസരിക്കേണ്ടിവരുന്നു. ഈ വെല്ലുവിളി നേരിടുന്നതിന് ഒരു മാർഗ്ഗമേയുള്ളു. സഭാംഗങ്ങൾ മികച്ച രീതിയിലുള്ള പരിശീലനവും തയ്യാറെടുപ്പുകളും നടത്തുക. ഈ ലക്ഷ്യം മുൻനിർത്തിയാണ് 1993-ൽ ഓർത്തഡോക്സ് സഭ മനുഷ്യവികസന കേന്ദ്രം സ്ഥാപിച്ചത്. വാണിജ്യം, വ്യവസായം, തൊഴിൽ, പൊതുപ്രവർത്തനം, സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവയിൽ സഭാംഗങ്ങൾക്കുള്ള ലീനശക്തി വികസിപ്പിക്കുന്നതിൽ സഭയ്ക്കുള്ള കടമ നിർവ്വഹിക്കുന്നതിനു വേണ്ടികൂടിയാണ് ഈ സ്ഥാപനം. ദേശവത്കൃത ബാങ്കുകൾ. എൽ.ഐ.സി. ഓഫ് ഇന്ത്യ എന്നിവ നടത്തുന്ന പ്രീ-റിക്രൂട്ട്മെൻറ് ടെസ്ററുകൾക്കുവേണ്ടി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചുകൊണ്ടാണ് ഈ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. ഇതിൻെറ പ്രവർത്തനം കുറെക്കൂടി വിപുലീകരിക്കേണ്ടതിൻെറ ആവശ്യകത ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 1997-ൽ കാതോലിക്കേററ് സ്ററഡി സെൻറർ ആരംഭിച്ചു. പ്രൊഫഷണലുകൾ. വിദ്യാഭ്യാസവിചക്ഷണർ. വിദ്യാഭ്യാസ അധികൃതർ തുടങ്ങി വിദഗ്ദ്ധരും പരിചയസമ്പന്നരുമായ ഒരു സംഘമാളുകളാണ് ഇതിൻെറ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുക, നൈപുണ്യങ്ങൾ വികസിപ്പിക്കുക, ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടാൻ സഹായിക്കുക. തുടങ്ങിയ ലക്ഷ്യങ്ങൾ നേടാൻ കഴിയത്തക്കവണ്ണമാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കാതോലിക്കേററ് സ്ററഡി സെൻററിൻെറ ആദ്യ ബാച്ചിൽ 15 വിദ്യാർത്ഥികളെയാണ് മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷക്കുവേണ്ടി പരിശീലിപ്പിച്ചത്. അവരിൽ ഏഴുപേർ വിവിധഎഞ്ചിനിയറിംഗ് കോളജുകളിൽ പ്രവേശനം കരസ്ഥമാക്കി. ഒരാൾ I.I.I.യിലും ഒരാൾ R.E.C. യിലുമാണ് പ്രവേശനം നേടിയത്. B.S.R.B. ക്ലെറിക്കൽ ടെസ്ററിനുവേണ്ടി ഈ കേന്ദ്രം നടത്തിയ പരിശീലനത്തിൽ 40 പേർ പങ്കെടുത്തു.

അടുത്ത അദ്ധ്യായന വർഷം മുതൽ നാഷണൽ ഡിഫൻസ് അക്കാഡമി I.I.M. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്കുള്ള M.B.A. പൊതുപ്രവേശന പരീക്ഷ എന്നിവയ്ക്കുവേണ്ടിയും പരിശീലന ക്ലാസുകൾ നടത്തുവാൻ ഉദ്ദേശമുണ്ട്.

സെലക്ട് എൻസ് യുസർ കമ്പ്യൂട്ടർ കോഴ്സുകൾ കൂടാതെ ബിരുദധാരികളായ വനിതകൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന എക്സീക്യൂട്ടീവ്/പേഴ്സണൽ സെക്രട്ടറി പരിശീലന പരിപാടിയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

എം.ഡി. സെമിനാരി കോമ്പൗണ്ടിലാണ് ഈ സെൻററിൻെറ ഓഫീസ്. ഈ കേന്ദ്രത്തിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ കേന്ദ്രത്തെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.





## ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് പ്രവർത്തനം ആരംഭിച്ചു

മാവേലിക്കര സെന്റ് പോൾസ് മിഷൻ പ്രസ്സിൽ അത്യാധുനിക രീതിയിലുള്ള ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ പ്രവർത്തനം ആരംഭിച്ചു. എല്ലാവിധ അച്ചടിയും പ്രത്യേകിച്ച് പുസ്തകങ്ങൾ, വാൾപോസ്റ്ററുകൾ, മൾട്ടി കളർ ഫോട്ടോകൾ തുടങ്ങിയവയെല്ലാം ഉത്തരവാദിത്വപൂർവ്വം ഇവിടെ ചെയ്തു കൊടുക്കുന്നതാണ്.

**ദൂതൻ മാസിക** അടുത്തലക്കം മുതൽ ഓഫ്സെറ്റ് പ്രിന്റിംഗിൽ കൂടുതൽ പുതുമകളോടുകൂടി നിങ്ങൾക്കു പ്രതീക്ഷിക്കാം. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു. ഒന്നിൽ കൂടുതൽ മാസിക ലഭിക്കുന്നവർ ഓഫീസിൽ അറിയിക്കുമല്ലോ. വരിസംഖ്യ പുതുക്കാത്തവർ കൃത്യമായി അയച്ചുതരണമെന്ന് താല്പര്യപ്പെടുന്നു.

- പബ്ലിഷർ

BOOK POST

For Private Circulation only

# ദൂതൻ ത്രൈമാസിക

ചിന്തോദ്ദീപകമായ എഡിറ്റോറിയലുകൾ, സുവിശേഷപരവും ആദ്ധ്യാത്മികവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനങ്ങൾ, ധ്യാനങ്ങൾ, വേദപഠനങ്ങൾ

●

സഭയുടെ മിഷൻ രംഗത്ത് നൂതന ചലനങ്ങൾ സൃഷ്ടിക്കുന്ന പ്രസിദ്ധീകരണം
വായിക്കുക, വരിക്കാരാവുക.

Published by : Malankara Orthodox Church Mission Board and printed at St. Paul's Mission Press, Mavelikara -3.
Chief Editor Fr. K.L. Mathew Vaidyan, Publisher Fr. T.P. Elias, Manager Fr. G. John